
12th YEAR
# വേദാഭിമാനി
വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

Vol.12
No.10
കാർത്തികപ്പള്ളി
R.No. 7361/02
2012 OCTOBER

## ചലിക്കുന്ന കൊട്ടാരം



ജർമനിയിലെ ‘മിർച്ചി മൊബൈൽ’ എന്ന വാഹനനിർമ്മാണക്കമ്പനിയാണ് കൊട്ടാരംപോലുള്ള ഈ ബസ് നിർമിച്ചത്. ‘എലമെന്റ്’ എന്നാണ് ബസ്സിന്റെ പേര്. കാഴ്ചയിൽ പ്രത്യേക രൂപഭംഗിയുള്ള ഈ ബസ്സിന്റെ വിശേഷങ്ങൾ പറഞ്ഞാൽ തീരില്ല. ബസ്സിൽ കയറാനുള്ള പടവുകൾ ഓട്ടോമാറ്റിക്കായി താഴ്ന്നുവരും. ഏറ്റവും മുകളിൽ സൊറപറഞ്ഞിരിക്കാൻ മേൽമൂടിയുള്ള ഒരു ഭാഗമുണ്ട്. ബസ്സിൽ യാത്ര ചെയ്യുമ്പോൾ തണുപ്പു തോന്നുന്നെങ്കിൽ വിറക് കത്തിച്ച് തീ കായാനുള്ള ‘ഫയർ പ്ലെയ്സ്’ ബസ്സിനുള്ളിലുണ്ട്. രണ്ട് നിലകളുണ്ട് എലമെന്റ് ബസ്സിന്. അറ്റാച്ച്ഡ് ബാത്ത്റൂമുകളോടുകൂടിയ രണ്ട് ബെഡ്റൂമുകൾ, അടുക്കള, 40 ഇഞ്ച് എൽ.ഇ.ഡി. ടിവി സ്ക്രീനോടുകൂടിയ പ്രൊജക്റ്റർ റൂം. ഒന്നാന്തരം ലതർ സോഫകൾ നിരത്തിയ സ്വീകരണമുറി, ബിസിനസ് മീറ്റിംഗുകൾ നടത്താനായി അത്യാധുനിക വാർത്താവിനിമയോപാധികളോടുകൂടിയ കോൺഫെറൻസ് റൂം എന്നിവ എലമെന്റിലുണ്ട്. തണുപ്പുകാലത്ത് ബസ്സിന്റെ തറയിലെ പാനലുകൾ ചൂട് നൽകും. ചൂടുകാലത്ത് തണുപ്പും. വിമാനത്തിന്റെ ഉള്ളിലേതുപോലെയുള്ള രസകരമായ ലൈറ്റിങ്ങാണ് ബസ്സിനുള്ളിൽ. ഒരു കൗതുകംകൂടിയുണ്ട്. എലമെന്റ് ബസ്സിന്റെ താഴെ ഭാഗത്തെ ലഗേജ് സ്പേസിൽ രണ്ട് കാറുകൾക്ക് പാർക്ക് ചെയ്യാം.

## ചൊവ്വയിലേക്കുള്ള പൊതിച്ചോറ്



2030-ൽ ചൊവ്വാഗ്രഹത്തിലേക്ക് മനുഷ്യനെ അയയ്ക്കാനുള്ള തയ്യാറെടുപ്പിലാണ് അമേരിക്ക. ചൊവ്വയിലേക്കുള്ള യാത്രയ്ക്ക് ആറു മാസം വേണം. ഒന്നരവർഷം അവിടെ തങ്ങണം. തിരിച്ചെത്താനും ആറുമാസം. രണ്ടര വർഷത്തേക്കുള്ള ഭക്ഷണം കൂടെ കരുതി വേണം ബഹിരാകാശ യാത്രികർ പോകാൻ. ഇത്രയും കാലം കേടാകാതെ ഇരിക്കുന്ന ഭക്ഷണം ഉണ്ടാക്കാനുള്ള ശ്രമത്തിലാണ് ശാസ്ത്രജ്ഞർ.

## ശ്വസിച്ചില്ലെങ്കിലും

ശ്വാസം നിലച്ചാൽ എന്തു സംഭവിക്കും? എന്തു സംഭവിക്കാൻ, ജീവൻ നിലയ്ക്കും. എന്നാൽ ഇനി ഈ ഉത്തരത്തിന് തിരുത്തൽ ആവശ്യമായി വന്നേക്കും. ഒരാൾ



ശ്വസിച്ചില്ലെങ്കിലും അയാളുടെ ജീവൻ നിലനിർത്താനാകുമത്രേ. അമേരിക്കയിലെ ബോസ്റ്റൺ ചിൽഡ്രൻസ് ഹോസ്പിറ്റലിലെ ഡോക്ടർ ജോൺ ഖെയ്റാണ് അത്ഭുതകരമായ ഈ കണ്ടുപിടിത്തത്തിനു പിന്നിൽ.

ജീവൻ നിലനിർത്താൻ ആവശ്യമായ ഓക്സിജൻ നേരിട്ട് രക്തത്തിലേക്ക് കുത്തിവയ്ക്കുകയാണ് ജീവൻ നിലനിർത്താനായി ഇതിൽ ചെയ്യുക. നിർണായക ഓപ്പറേഷൻ സമയങ്ങളിലെല്ലാം രോഗികൾ ശ്വസിക്കണമെന്ന അവസ്ഥ പലപ്പോഴും പ്രശ്നമാകാറുണ്ട്. അതിനാൽ പുതിയ കണ്ടുപിടിത്തം വൻ ഓപ്പറേഷനുകളെയൊക്കെ സഹായിക്കുമെന്നുറപ്പ്.

കൊഴുപ്പേറിയ മൊളിക്യൂളുകളിൽ ഒളിപ്പിച്ച ഓക്സിജൻ രക്തത്തിലേക്ക് കുത്തിവയ്ക്കുകയാണ് ചെയ്യുക. ആളുകൾക്ക് 30 മിനിറ്റ് സമയത്തേക്ക് ഇങ്ങനെ കുത്തിവയ്പ്പെടുത്താൽ ശ്വസിക്കാതെ കഴിയാനാകും. ബോസ്റ്റണിലെ ഹോസ്പിറ്റലിൽ ഒരു രോഗിയുടെ മരണമാണ് ഈ കണ്ടുപിടിത്തത്തിന് പിന്നാലെ പോകാൻ പ്രേരിപ്പിച്ചത്.

## കടലിലെ കളിക്കളം



ഇനി കടലിൽ ഇറങ്ങി പന്തു കളിക്കാം. സിംഗപ്പൂരിലെ മറീനാ ഉൾക്കടലിലെ വെള്ളത്തിനു മുകളിലാണ് ഈ വമ്പൻ കളിക്കളം. ഉരുക്കുകൊണ്ടു പണിത കളിക്കളത്തിന് ഒമ്പതിനായിരം കളിക്കാരെ താങ്ങാനുള്ള കപ്പാസിറ്റി ഉണ്ട്. കരയോട് ചേർന്ന് പണിത സ്റ്റേഡിയത്തിൽ മുപ്പതിനായിരം കാണികൾക്ക് ഇരിക്കാം. കളികഴിഞ്ഞാലോ? കളിക്കളം എങ്ങോട്ടു വേണമെങ്കിലും നീക്കുകയും ചെയ്യാം.!

## വരയ്ക്കും കുതിര

ജസ്റ്റിൻ എന്ന കുതിരച്ചാരുടെ ഹോബി എന്താണെന്നോ?



ചിത്രം വരയ്ക്കൽ! ഒരു പെയിന്ററാണ് ജസ്റ്റിൻ. ഒരിക്കൽ തന്റെ ചാട്ടവാർ കടിച്ചുപിടിച്ച് പൂഴിയിൽ പല രൂപങ്ങളും അവൻ വരച്ചുണ്ടാക്കി. അവന്റെ ഉടമസ്ഥ ഇതു കണ്ട് അവന് പെയിന്റും ബ്രഷും പേപ്പറുമെല്ലാം സമ്മാനിച്ചു! ഇപ്പോൾ പേരുകേട്ട ഒരു ‘കുതിരക്കലാകാരനാണ് ജസ്റ്റിൻ! അമേരിക്കയിലെ സാഡിൽ ബ്രഡ് മ്യൂസിയത്തിൽ അവന്റെ ചിത്രങ്ങളുടെ പ്രദർശനം ഈയിടെ നടന്നു.

## മേഘനഗരം

അർജന്റീനക്കാരനായ ആർക്കിടെക്ട് തോമസ് സരാസെനോ ന്യൂയോർക്കിലെ മെട്രോപൊളിറ്റൻ മ്യൂസിയം ഓഫ് ആർട്ടിന്റെ മുകളിൽ നിർമ്മിച്ചിരിക്കുന്നത് ഒരു മേഘനഗരമാണ്. പല ആകൃതിയിലും ദിശകളിലുമുള്ള കണ്ണാടികൾ കൊണ്ടൊരു കളി! അതിനിടയിലൂടെ ആളുകൾക്ക് നടക്കാം. കണ്ണാടിയിൽ പ്രതിഫലിക്കുന്ന മേഘങ്ങൾക്കിടയിലൂടെ നടക്കുമ്പോൾ ശരിക്കും ആകാശത്തിലൂടെ നടക്കുന്ന പ്രതീതി. 54 അടി നീളവും 28 അടി ഉയരവുമുണ്ട് ഈ കണ്ണാടി ശില്പത്തിന്.



## കടലിലെ കൊട്ടാരം

ലോകത്തിലെ ഏതൊരു രാജകൊട്ടാരവും ‘അല്യൂർ ഓഫ് സീസി’നെ കണ്ടാൽ നാണിച്ചുപോകും. അത്രയധികം വലുതും ആഡംബരപൂർണവുമാണ് അല്യൂർ.കടലിലാണ് അല്യൂർ എന്ന കൊട്ടാരത്തിന്റെ വാസം. കാരണം, ‘അല്യൂർ ഓഫ് സീസ്’ ഒരു കപ്പലാണ്. വെറുമൊരു കപ്പലല്ല, ലോകത്തിലെ ഏറ്റവും വലിയ പാസഞ്ചർ ഷിപ്പ്! കരയിലെ നൂറുകണക്കിന് കൊട്ടാരങ്ങളുടെ വലിപ്പമുള്ള ഈ കടലിലെ കൊട്ടാരത്തിന്റെ വിശേഷങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.





ഫിൻലാൻഡിൽ 2006-ലാണ് അല്യൂർ ഓഫ് സീസ് നിർമിച്ചത്. ബഹാമാസ് എന്ന രാജ്യത്തിന്റെ റോയൽ കരീബിയൻ ഇന്റർനാഷണൽ എന്ന കമ്പനിയാണ് കപ്പലിന്റെ ഉടമ.

6300 പേർക്ക് അല്യൂറിൽ സഞ്ചരിക്കാം. 17 നിലകളിലായി 2700 മുറികളുണ്ട്. ഇതിൽ 1956 മുറികൾക്ക് ബാൽക്കണിയുമുണ്ട്.

അല്യൂർ ഓഫ് സീസിലെ ഓഡിറ്റോറിയത്തിൽ 1380 പേർക്ക് ഇരുന്ന് കലാവിരുന്നുകൾ ആസ്വദിക്കാം. എന്തിന്, ഐസ് സ്കേറ്റിങ് നടത്താനുള്ള ഐസ് റിങ് പോലുമുണ്ട്, അല്യൂറിൽ!

ലോകത്തിലെ ഏതൊരു വൻകിട ഹോട്ടൽമുറിയെക്കാളും ആഡംബര പൂർണമാണ് അല്യൂറിലെ മുറികൾ. പ്രസിഡൻഷ്യൽ സ്വീറ്റ് റൂമിന് ഒരു ദിവസത്തെ വാടക മൂന്നുലക്ഷം രൂപയിലധികമാണ്.

പാരീസിലെ ഈഫൽ ടവറിനെക്കാൾ 124 അടി ഉയരക്കൂടുതലുള്ള അല്യൂർ ഓഫ് സീസിന് പെയിന്റടിക്കാൻ 15,85,03,00 ലിറ്റർ പെയിന്റ്, വേണ്ടി വന്നു!

## ഇതാണ് പുസ്തകം

ഒരു ചെറു പുസ്തകം ചരിത്രമായി മാറുന്നു

സാർവ്വത്രിക അംഗീകാരം ലഭിച്ച ടൈറ്റസ് കാർത്തികപ്പള്ളിയുടെ പഠന ലേഖനങ്ങൾ

ക്രൈസ്തവ വിശ്വാസം അന്ധവിശ്വാസമല്ല, ആധികാരികവും സമഗ്രവുമാണെന്ന് തെളിയിക്കുന്നു.

എതിർവാദങ്ങളെ നിഷ്പ്രഭമാക്കുന്ന ശാസ്ത്ര–ചരിത്ര–മത–വചന യാഥാർത്ഥ്യങ്ങൾ.

ഓരോ ക്രിസ്ത്യാനിയും കയ്യിൽ കരുതേണ്ട–ഓരോ അക്രൈസ്തവനും വായിച്ചിരിക്കേണ്ട പുസ്തകം

മലയാളത്തിൽ എന്നല്ല മറ്റൊരു ഭാഷയിലും ഇതുപോലൊന്ന് ലഭ്യമല്ല.

സുവിശേഷീകരണം എന്ന ഏക ലക്ഷ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്. അതിനാൽ ഇത് പുസ്തകചന്തയിൽ വില്പനയ്ക്കു വയ്ക്കുന്നതല്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ പര്യാപ്തമായ കരുത്തുറ്റ ഗ്രന്ഥത്തിനായി കാത്തിരിക്കുക, കാതോർത്തിരിക്കുക.

ചോദ്യങ്ങൾ – വിമർശനങ്ങൾ – അഭിപ്രായങ്ങൾ അറിയിക്കാൻ ☎: 0479-3201787 : 9847232598 : vedabhimani@gmail.com

# വിശ്വാസത്തെ വികലമാക്കുന്നവർ

ക്രിസ്തീയ വിശ്വാസത്തിന് വ്യക്തമായ ഒരു ഉള്ളടക്കമുണ്ട്. ആ ഉള്ളടക്കത്തിനോടു നീതി പുലർത്തുന്നതാകണം സഭ അതിനു നൽകുന്ന വ്യാഖ്യാനവും ജീവിതവും. വ്യാഖ്യാനം വഴിതെറ്റുമ്പോൾ വിശ്വാസത്തിനു തന്നെ ക്ഷതമേൽക്കുന്നു. ദൈവവെളിപാടുകളുടെ പൊരുൾ മനുഷ്യൻ ഗ്രഹിക്കുന്നത് വ്യാഖ്യാനത്തിലൂടെയാണ്. വിശ്വാസത്തിലേക്കു നയിക്കാനും നിലനിർത്താനും പ്രഘോഷിക്കാനും വ്യാഖ്യാനം കൂടിയേ തീരൂ. ക്രൈസ്തവ സഭയിലുള്ള ചരിത്രപരതയെ അവഗണിച്ചും സഭയോടുള്ള പ്രതിബദ്ധത നഷ്ടപ്പെടുത്തിയും വ്യക്തിയധിഷ്ഠിതവും സ്വതന്ത്രവുമായ വ്യാഖ്യാനങ്ങൾ നൽകുകവഴി ഭക്തിയെ വികാരതലത്തിൽ തള്ളിയിടുന്ന അനേകർ ശുശ്രൂഷാരംഗത്തുണ്ട്. തങ്ങളുടെ വിശ്വാസ വ്യാഖ്യാനങ്ങൾക്ക് സഹായകരമായരീതിയിൽ ബൈബിളിനെ വളച്ചൊടിക്കുകയും പകുതി സത്യം മറച്ചുവച്ച് ഉപയോഗിക്കുകയുമാണ് ഇവർ ചെയ്യുക. സത്യവിരുദ്ധമായ വിശ്വാസവ്യാഖ്യാനങ്ങൾ വെല്ലുവിളികൾ ഉയർത്തുമ്പോൾ സഭാംഗങ്ങൾക്ക് ശരിയായ ബൈബിൾ പരിജ്ഞാനവും ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് അവബോധവും ഇല്ലെങ്കിൽ ദുർവ്യാഖ്യാനങ്ങളിലും അബദ്ധപഠനങ്ങളുടെ ദുഷ്പ്രചാരണങ്ങളിലും കുടുങ്ങിപ്പോവുക സ്വാഭാവികം മാത്രം. നേരായ പഠനം (Orthodoxy) നേരായ ജീവിതചര്യയുടെ (Orthopraxis) അടിസ്ഥാനമാണ്.

വിശ്വാസത്തെ അതിന്റെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കുവാൻ സഭയ്ക്ക് എന്നും ബദ്ധപ്പെടേണ്ടിവന്നിട്ടുണ്ട്. കള്ളപ്രവാചകന്മാരുടെയും (മത്താ. 7:15,22) കള്ള ഇടയന്മാരുടെയും (യോഹ. 10:12) ശുശ്രൂഷകളെക്കുറിച്ച് യേശു മുന്നറിയിച്ചു. ദുരുപദേശക്കാരുടെ എണ്ണം ശരിയായ ശുശ്രൂഷകരെക്കാൾ അധികമാണെന്നാണ് വേദപുസ്തകസാക്ഷ്യം (1 യോഹ. 4:1; മത്താ. 7:15,22, 24:5; 2 കൊരി. 2:17; ഫിലി. 3:18; 1 യോഹ. 2:18 ഈ വാക്യങ്ങളിലെ അനേകർ, പലരും എന്നീ പദങ്ങൾ ശ്രദ്ധിക്കുക). അപ്പൊസ്തലിക കാലഘട്ടത്തിൽ തന്നെ ക്രിസ്തീയവിശ്വാസത്തെ വികലമാക്കുന്ന വ്യാഖ്യാനങ്ങൾ നിലവിലുണ്ടായിരുന്നു. അതിന് എതിരെ അപ്പൊസ്തലഗ്രന്ഥകാരിൽ പ്രമുഖരായ പൗലോസും (ഗലാ. 1:6-9), പത്രോസും (2 പത്രോ. 2) യോഹന്നാനും (1 യോഹ. 4:1) ശക്തിയായ ഭാഷയിൽ മുന്നറിയിപ്പു നൽകി.




അശുദ്ധ ആത്മാക്കളാൽ നിയന്ത്രിക്കപ്പെട്ട വേലക്കാരെ അപ്പൊസ്തലന്മാരെല്ലാം ഏക ശബ്ദത്തോടെ എതിർത്തു. പൗലോസ് ഇവരെ തന്റെ ലേഖനങ്ങളിൽ വിളിക്കുന്നത് ശ്രദ്ധിക്കുക. കപടവേലക്കാർ (2 കൊരി. 11:13),കലക്കുന്നവർ (ഗലാ. 1:7), കള്ളസഹോദരന്മാർ (2:4), ക്ഷുദ്രക്കാർ (3:1), നായ്ക്കൾ, ആകാത്ത വേലക്കാർ (ഫിലി. 3:2), ക്രൂശിന്റെ ശത്രുക്കൾ (3:18), ചതിയന്മാർ, വഞ്ചകർ (കൊലൊ. 2:4,8) സ്വന്തദർശനങ്ങളാൽ ചീർത്തിരിക്കുന്നവർ (2:18), ഭോഷ്ക്കുപറയുന്നവർ (1 തിമൊ. 4:1), അഹങ്കാരികൾ (6:4), ദുർബുദ്ധികളും, സത്യത്യാഗികളും (6:5) വ്യഥാലാപക്കാർ (2 തിമൊ. 2:16), ദുഷ്ടമനുഷ്യരും മായാവികളും (3:13), വ്യഥാവാചാലന്മാർ (തീത്തോ. 1:10), മറിച്ചുകളയുന്നവർ (1:11), ഭിന്നത വരുത്തുന്നവർ, വക്രബുദ്ധിയുള്ളവർ (3:10,11).

തന്റെ പിൻഗാമിയായ തിമൊഥെയോസിന് പൗലോസ് എഴുതിയ ആദ്യ ലേഖനം ഇതിനെക്കുറിച്ചായിരുന്നു. "അന്യഥാ ഉപദേശിക്കരുതെന്നും... ആജ്ഞാപിക്ക" (തിമൊ. 1:13). തീവ്രതയോടെ പ്രവർത്തിക്കുന്ന ഈ വഞ്ചനയുടെ ആത്മാക്കൾക്കെതിരെ പരിശുദ്ധാത്മാവ് 'തെളിവായി' മുന്നറിയിച്ചിട്ടുണ്ട് (1 തിമൊ. 4:1). അശ്രദ്ധരായ വിശ്വാസികൾക്ക് ഇതുമൂലം സാവധാനമായ പിന്മാറ്റവും വിശ്വാസത്യാഗവും സംഭവിക്കും. രക്ഷയെക്കുറിച്ച് ഒരു ആശ്വാസസന്ദേശം എഴുതാൻ ഉദ്ദേശിച്ച യൂദാ വിരുദ്ധ ഉപദേശത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്ര ആശയം തന്നെ മാറ്റിയെഴുതി. വിശ്വാസികളുടെ സമൂഹത്തിൽ നുഴഞ്ഞുകയറി ദുഷിക്കുകയും (വാ.10) കാര്യസാധ്യത്തിനുവേണ്ടി മുഖസ്തുതി പറയുകയും (വാ.16) ചെയ്യുന്ന കടന്നാക്രമണത്തെ ചെറുക്കാനും വിശ്വാസികൾക്കു ഒരിക്കലായിട്ടു ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനായി പോരാടുവാനുമാണ് (വാ. 3) യൂദ പ്രബോധിപ്പിച്ചത്. വചനശുശ്രൂഷയുടെ കുറവും ദുരാത്മാവിന്റെ പ്രവർത്തനങ്ങളുടെ ആധിക്യവും കൊണ്ട് സഭ ജീർണ്ണിക്കുവാൻ തുടങ്ങി എന്നതു ഇന്നിന്റെ ദാരുണ യാഥാർഥ്യമാണ്.

ദർശനവരങ്ങളും അത്ഭുതസിദ്ധികളുമുണ്ടെന്ന് അവകാശപ്പെടുന്ന വ്യക്തികളെ കേന്ദ്രീകരിച്ചുള്ള ശുശ്രൂഷകളിലേക്കുള്ള വിശ്വാസികളുടെ ഒഴുക്കിന് ഉപരോധം ഏർപ്പെടുത്താനാകാതെ സഭാനേതൃത്വം പകച്ചു നിൽക്കുന്നു. യോഹന്നാൻ അപ്പൊസ്തലൻ ഇങ്ങനെ എഴുതി "നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇതു നിങ്ങൾക്കു എഴുതിയിരിക്കുന്നു. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു. ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല. അവന്റെ അഭിഷേകം തന്നെ സകലവും നിങ്ങൾക്കു ഉപദേശിച്ചു തരികയാലും അതു ഭോഷ്കല്ല സത്യം തന്നെ ആയിരിക്കയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ" (1 യോഹ. 2:26,27).

എന്നാൽ ഇന്ന്: യേശുവിന്റെ ഹിതവുമായി യാതൊരു ബന്ധവുമില്ലാത്ത എത്രയോ കാര്യങ്ങളെ യേശുവിന്റെ നാമത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇത് സങ്കൽപ്പിക്കുവാൻ വിഷമം തന്നെ. എന്നാൽ ന്യായവിധി ദിവസത്തിൽ പ്രവാചകന്മാർ, അത്ഭുതങ്ങൾ ചെയ്യുന്നവർ, ഭൂതങ്ങളെ പുറത്താക്കുന്നവർ എന്നിവരിൽ അനേകരോട് "ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നത്രേ ക്രിസ്തുവിന്റെ പ്രസ്താവന. സ്വർഗരാജ്യത്തിന്റെ കവാടം അവർക്കടയ്ക്കപ്പെടും (മത്താ. 7:22,23) ഇതെങ്ങനെ? ഇവർ ദൈവത്തിന്റെ വേലയെ ചെയ്തതായി പറഞ്ഞാലും അവന്റെ ഇഷ്ടത്തെ ചെയ്യാൻ പരാജയപ്പെട്ടവരാണ് (വാ. 21) ദൈവരാജ്യകെട്ടുപണിയിലാണ് തങ്ങൾ എന്നവകാശപ്പെട്ടാലും വചനം അനുസരിച്ചല്ലാത്ത ഏതു ശുശ്രൂഷയും മണലിന്മേൽ പണിയുന്നതിന് തുല്യമാകും. തിരുവചനത്തിന്റെ അതിരുകൾ കടന്ന അന്യ ശക്തികളെ അകത്തുകടത്താതിരിക്കാനുള്ള താക്കീത് വിശ്വാസികൾ ഗൗരവപൂർവം കണിക്കിലെടുക്കണം. പൂർണമായ കള്ളത്തെക്കാൾ പകുതി സത്യം കൂടുതൽ നഷ്ടം വരുത്തും. മിശ്രിതമാണ് ഇന്നിന്റെ ആപത്ത്. സത്യത്തിനെക്കാൾ സത്യമായി തോന്നത്തക്കവിധം അസത്യം അലങ്കരിക്കപ്പെട്ടിരിക്കും. സത്യമായതും വ്യാജമായതും കലർത്തി വിശ്വാസികളുടെ ഇടയിൽ വിതയ്ക്കുമ്പോൾ അതീവ ജാഗ്രതയോടെ നാം അതിനെ പകുത്തറിയണം.

ചോദ്യം ചെയ്യപ്പെടേണ്ട ഇന്നത്തെ അനുഭവങ്ങളെ, ഫലങ്ങളായി ചൂണ്ടിക്കാട്ടി സാധൂകരിക്കുന്നവരുണ്ട്. ക്രിസ്ത്യാനികളേക്കാൾ നല്ല ജീവിതം നയിച്ച് അനേകർക്ക് നന്മ ചെയ്യുന്ന എത്രയോ അക്രൈസ്തവരുണ്ട്. അവരുടെ സത്ഫലങ്ങളെ ഏതു ക്രമത്തിൽപ്പെടുത്തും. സുവിശേഷത്തിൽ മായം കലർത്തിയാലും ചില നല്ല ഫലങ്ങളെ ചിലർ പുറപ്പെടുവിച്ചെന്നുവരും. ശിഷ്യരുടെ കൗശലപൂർവമായ ആലോചനയെ യേശു മറികടന്നതു ഓർക്കുക (മത്താ. 14:15, 16:15-33).

രത്നങ്ങൾ എന്നും പ്രകാശിക്കും. സഭയുടെ വിശ്വാസം കാലഘട്ടത്തിനനുസരിച്ച് ഭേദപ്പെടുത്താവുന്നതല്ല. വചനം പ്രധാനപ്പെട്ടതു എന്നു മാത്രമല്ല, വചനം തന്നെ മതിയായതുമാണ്. 'ഒരിക്കലായിട്ടു ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസം' എന്നു യൂദ (3) പറയുമ്പോൾ പുതിയ കാര്യങ്ങൾ എന്നു പറയപ്പെടുന്നവയുടെ പിന്നാലെയുള്ള പ്രയാണത്തെ നിരുത്സാഹപ്പെടുത്തുകയാണ്. പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അനുഗ്രഹങ്ങൾ തന്നെ സമൃദ്ധമാണ്. അവയിൽ തന്നെ നാം തൃപ്തരാകണം. നവീനാകർഷണങ്ങളുടെ പിന്നാലെ പോകേണ്ട ആവശ്യമില്ലാത്തവണ്ണം നമ്മുടെ ഉള്ളിൽ നിന്നു തന്നെ 'നിത്യജീവിതത്തിലേക്ക് പൊങ്ങിവരുന്ന നീരുറവ' യായിരിക്കുന്ന ജീവജലം യേശു പകരുന്നു (യോഹ. 4:14). ഇവിടെയാണ് ഹവ്വ പരാജയപ്പെട്ടത്. തൃപ്തിപ്പെടുത്തുന്ന വളരെയധികം ഫലങ്ങൾ തോട്ടത്തിലുണ്ടായിരുന്നെങ്കിലും 'തിന്നാൻ നല്ലതും' (ശരീരത്തിന് ഉന്മേഷാനുഭവങ്ങളെ തരുന്നതും) 'കാണ്മാൻ ഭംഗിയുള്ളതും' (വികാരത്താൽ നിറയപ്പെടുന്നതിനുള്ള കാഴ്ചകളും) 'ജ്ഞാനം പ്രാപിപ്പാൻ കാമ്യവും' (പുതിയ വെളിപ്പാടുകൾ തരുന്നതുമായ) വിലക്കപ്പെട്ട കനിയെ ഭക്ഷിക്കുവാൻ അതിരു ലംഘിച്ചു. അതിന്റെ അനന്തരഫലം നമുക്ക് അറിയാവുന്നതാണ്. മനുഷ്യന് എപ്പോഴും നവീന കാര്യങ്ങളിലാണ് താല്പര്യം. എന്നാൽ യേശു മാറ്റമില്ലാത്തവനാണ്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യൻ തന്നെ. അതുകൊണ്ട് വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നമ്മെ വലിച്ചുകൊണ്ടുപോകരുത് (എബ്രാ. 13:8,9). പ്രസംഗിച്ചു കേൾക്കുന്നതെന്തും അപ്രകാരം തന്നെ കൈക്കൊള്ളാതെ ബെരോവക്കാരെപ്പോലെ കേൾക്കുന്നതും കാണുന്നതുമായ ഏതും വചനത്തിനു ചേർന്നതാണോ എന്ന് പരിശോധിക്കണം (അ.പ്ര. 17:11). തിരുവചനത്തിൽ നേരിട്ടു പ്രബോധിപ്പിക്കാത്ത ഉപദേശവും വെളിപാടും അനുഭവങ്ങളും സ്വീകരിക്കുവാൻ നാം ബാധ്യസ്ഥരല്ല.

വിവേകിയായ ഒരു വിശ്വാസി ക്രിസ്തീയ ശുശ്രൂഷയുടെ പേരിൽ നടക്കുന്ന കാര്യങ്ങളെ വിലയിരുത്താൻ തുടങ്ങിയാൽ ഉടനടിയവനെ 'പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവൻ' എന്ന് കുറ്റപ്പെടുത്തി ക്ഷമിക്കപ്പെടാത്ത പാപം ചെയ്യുന്നവനായി ഭീഷണിപ്പെടുത്തുന്നു. എന്നാൽ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശത്തെയും കുറിച്ച് സഭയ്ക്ക് പ്രവചനാത്മകമായി മുന്നറിയിപ്പ് നൽകിയിരിക്കുന്നത് പരിശുദ്ധാത്മാവ് തന്നെയാണ് (1 തിമൊ. 4:1). ചോദ്യം ചെയ്യപ്പെടാവുന്ന അത്ഭുതങ്ങൾ, അടയാളങ്ങൾ, പ്രവചനങ്ങൾ, ദർശനങ്ങൾ സ്വീകരിക്കാത്തതിലല്ല അവയെ അങ്ങനെതന്നെ സ്വീകരിക്കുന്നതാണ് പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത്. സത്യത്തിന്റെ ആത്മാവ് മുന്നറിയിച്ചിട്ടും അതിനെ അവഗണിക്കുന്നത് പാപം തന്നെ. നന്മയോ, തിന്മയോ വിവേചിക്കാതെ മനസ്സിൽ നിഷ്പക്ഷമനോഭാവത്തോടെയിരിക്കുന്നത് ആത്മീയമല്ല, അജ്ഞതയാണ്. നമ്മുടെ ഉള്ളിൽ വസിക്കുന്ന ആത്മീയ ശക്തിയാൽ വസ്തുതകളെ വിശകലനം ചെയ്യാതെ നിസംഗരായിരിക്കുന്നത് ഒടുവിൽ ആത്മാവിനെ കെടുത്തും.

വേദാഭിമാനി
OCTOBER

ചീഫ് എഡിറ്റർ
ടൈറ്റസ് കാർത്തികപ്പള്ളി

മാനേജർ
എബ്രഹാം മത്തായി (സണ്ണി)

പബ്ലിഷർ
കെ. സി. വർഗ്ഗീസ്, കല്ലുമണ്ണിൽ

കോ-ഓർഡിനേറ്റർ
തോമസ് വർക്കി

വാർഷിക വരിസംഖ്യ
ഇന്ത്യ -Rs. 100
യു.എസ്.എ. -$25
മറ്റു രാജ്യങ്ങൾ -Rs.1000

എല്ലാ രാജ്യങ്ങളിലും
വേദാഭിമാനി ലഭിക്കുന്നതാണ്
വരിസംഖ്യ അയക്കേണ്ട വിലാസം
വേദാഭിമാനി
കേരള- 690 516

വിശ്വാസികളെ വഴിപിഴപ്പിക്കുന്ന വിരുദ്ധോപദേശങ്ങളെക്കുറിച്ച് വിലപിക്കുമ്പോൾതന്നെ സഭകൾക്കുള്ളിൽ ഇന്നു നടക്കുന്നതെന്താണ്? ശുദ്ധ ഉപദേശത്തിന്റെ ഉത്പാദനവും വിതരണവും മൊത്തമായി അവകാശപ്പെടുന്നവർ ☞ 8



# ബാലവേദി



## അമിതസ്നേഹം അമിത സ്വാതന്ത്ര്യം

**പ**ത്ത് വയസ്സുള്ള അനൂപ് ക്ലാസ്സിൽ എത്തിയപ്പോൾ അതിമനോഹരമായ ഒരു ചെരുപ്പ് അവനെ ആകർഷിച്ചു. അവന്റെ കൂട്ടുകാരൻ ധരിച്ചുകൊണ്ടുവന്ന ചെരുപ്പ് എല്ലാവർക്കും ഇഷ്ടപ്പെടുകയും അവനെ പുകഴ്ത്തുകയും ചെയ്തു. അടുത്തകാലത്ത് കമ്പോളത്തിൽ ഇറങ്ങിയ വിലകൂടിയതും ആകർഷണീയവുമായ ആ ചെരുപ്പ് കണ്ടപ്പോൾ അതുപോലെ ഒരെണ്ണം തനിക്കും വാങ്ങണമെന്ന് അനൂപിനും തോന്നി.

അന്ന് വൈകുന്നേരം വീട്ടിൽ ചെന്ന് അനൂപ് മമ്മിയോടും ഡാഡിയോടും തന്റെ ആഗ്രഹം അറിയിച്ചു. ചെരുപ്പു കിട്ടാതെ വന്നപ്പോൾ ഭക്ഷണംപോലും കഴിക്കാതെ അവൻ തന്റെ പിടിവാശിയിൽ ഉറച്ചുനിന്നു. അവന്റെ മാതാപിതാക്കൾ അവനെ നല്ല വാക്കുകൾ പറഞ്ഞ് സമാധാനിപ്പിക്കാൻ ശ്രമിച്ചിട്ടും പ്രയോജനം ഇല്ലാതെ വന്നപ്പോൾ അവസാനം അവന്റെ ഇഷ്ടത്തിനു വഴങ്ങി കടയിൽപോയി മാതാപിതാക്കൾക്ക് ഇഷ്ടപ്പെട്ട ചെരുപ്പ് വാങ്ങിക്കൊടുത്തു. എന്നാൽ ആ ചെരുപ്പിന് കാഴ്ചയിൽ വലിയ ഭംഗിയൊന്നുമുണ്ടായിരുന്നില്ല. കൂട്ടുകാരന്റെ ചെരുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ അവന് ആ ചെരുപ്പ് ഇഷ്ടപ്പെടാതെ വന്നു. അവൻ ക്ഷുഭിതനായി മാറി. ഇഷ്ടപ്പെട്ട ചെരുപ്പ് കിട്ടുന്നതിനായി അവൻ വാശി തുടർന്നു. മമ്മിയും, ഡാഡിയും, അനൂപിന്റെ വാശിക്ക് കീഴടങ്ങാൻ തയ്യാറല്ലായിരുന്നു. അവനിൽ അനുസരണശീലം വളർത്തിയെടുക്കാനായിരുന്നു അവരുടെ തീരുമാനം.

അതോടെ അനൂപിന്റെ വാശി കൂടി. അവന് ഇഷ്ടപ്പെട്ട ചെരുപ്പ് കിട്ടാത്തതിന്റെ പേരിൽ വീട്ടിൽ നിന്നും എങ്ങോട്ടോ ഇറങ്ങി ഓടി. അവൻ എവിടേയ്ക്കാണ് പോയതെന്നറിയാതെ വീട്ടുകാർ വിഷമിച്ചു. അവനെതേടി ആൾക്കാർ പലസ്ഥലത്തും അലഞ്ഞുനടന്നു.

ലക്ഷ്യമില്ലാതെ അനൂപ് കുറെ ദൂരം ഓടി ഒരു വിജനപ്രദേശത്ത് എത്തിയപ്പോൾ എതിരെ ഒരാൾ നടന്നു വരുന്നതു കണ്ടു. അയാൾ അടുത്ത് വന്നപ്പോൾ അനൂപ് വിസ്മയത്തോടെ അയാളെ സൂക്ഷിച്ചുനോക്കി.

അയാൾക്ക് ഒരു കാൽ ഇല്ലായിരുന്നു. നഗ്നപാദനായി അയാൾ വളരെ ആയാസപ്പെട്ട് ഊന്നുവടിയുടെ സഹായത്താൽ നടന്നുവരുകയാണ്.

പെട്ടെന്ന് അനൂപിന്റെ മനസ്സിൽ ഒരു നീറ്റൽ അനുഭവപ്പെട്ടു അത് അവനിൽ കുറ്റബോധം ജനിപ്പിച്ചു. ഭംഗി കൂടിയ ചെരുപ്പു കിട്ടാത്തതിന്റെ വാശിയിൽ മാതാപിതാക്കളെ വേദനിപ്പിച്ച് വീടുവിട്ടിറങ്ങിയത് തെറ്റായിപ്പോയെന്നും ഒരു കാൽ നഷ്ടപ്പെട്ട് ഒരു ചെരുപ്പുപോലും ധരിക്കാൻ ഭാഗ്യമില്ലാതെ കീറിയ വസ്ത്രങ്ങൾ ധരിച്ച് വിശപ്പിന് ആഹാരംപോലും കിട്ടാതെ എത്രയോപേർ ജീവിക്കുന്നുണ്ടെന്ന് അവൻ ചിന്തിച്ചു. തനിക്ക് ഒന്നിനും കുറവില്ലാതെയാണ് തന്റെ മാതാപിതാക്കൾ തന്നെ വളർത്തിയത്. ഇഷ്ടമനുസരിച്ച് ഭക്ഷിക്കാനും, ധരിക്കാനും, പഠിക്കാനുമെല്ലാം സൗകര്യങ്ങൾ ഉണ്ടായിട്ടും തന്നെ സ്നേഹിക്കാൻ മാതാപിതാക്കന്മാർ ഉണ്ടായിട്ടും ഒരു നിസ്സാര ചെരുപ്പിനുവേണ്ടി മാത്രം വാശി പിടിച്ച് വീടുവിട്ടിറങ്ങിയത് തെറ്റായിപ്പോയിയെന്ന് അവന് തോന്നി. അവൻ തിരിച്ച് വീട്ടിലെത്തി. അനൂപ് തിരിച്ചു വന്ന സന്തോഷത്തിൽ, മമ്മി അവനെ കെട്ടിപ്പിടിച്ച് കരയുകയും അവനെ ഉപദേശിക്കുകയും ചെയ്തു.

കുട്ടികൾക്ക് ആവശ്യത്തിൽ കൂടുതൽ ലാളന നൽകുകയും അവർ ആവശ്യപ്പെടുന്ന എല്ലാ സാധനങ്ങളും വാങ്ങിക്കൊടുക്കുകയും ചെയ്തിട്ടും നിർബന്ധത്തിന്റെ പേരിൽ വഴിതെറ്റിപ്പോകുന്ന കുട്ടികൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. ചെറുപ്പത്തിൽ വേണ്ടവിധം ശിക്ഷണം കൊടുക്കാത്തതിനാലും നല്ല ശീലങ്ങൾ വളർത്തിയെടുക്കാത്തതുകൊണ്ടും കുട്ടികൾ അനുസരണ ഇല്ലാത്തവരാകുന്നു. അവർക്ക് നൽകുന്ന അമിതമായ സ്നേഹവും ആപത്താണെന്ന് മാതാപിതാക്കൾ അറിഞ്ഞിരിക്കണം.

'മെരുക്കാത്ത കുതിര ദുശ്ശാഠ്യം കാണിക്കും. ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും.'

## ലിബർട്ടി



**ലി**ബർട്ടി എന്ന വാക്കിന്റെ പിറവിയെക്കുറിച്ച് ഒരു ഐതിഹ്യമുണ്ട് – ഹെർക്കുലീസിന്റെ ജനനത്തെ ഗ്രീക്ക് ദേവിയായ ഹീര (ജൂണോ മോണീറ്റ) ഭയന്നു. അവർ അദ്ദേഹത്തിന്റെ വീട്ടുമുറ്റത്തു പതുങ്ങി നിന്ന് മന്ത്രം ചൊല്ലി ഹെർക്കുലീസിന്റെ ജനനം തടഞ്ഞു. എന്നാൽ ആ നേരത്ത് അതിലേ വന്ന പല്ലാസ് അഥീനയെ കണ്ട് ഹീരയ്ക്ക് മന്ത്രജപം നിർത്തി സ്ഥലം വിടേണ്ടി വന്നു. അതിനുശേഷമാണ് ഹെർക്കുലീസിന്റെ മാതാവിന് അദ്ദേഹത്തെ പ്രസവിക്കാൻ കഴിഞ്ഞത്. അങ്ങനെ അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് 'സ്വാതന്ത്ര്യത്തിന്റെ വായു' ശ്വസിച്ചു എന്നർത്ഥമുള്ള 'ലിബർട്ടാസ്' എന്ന പദത്തിൽ നിന്നാണത്രെ ലിബർട്ടിയുടെ പിറവി.

## ക്ലോക്ക് റൂം



ആദ്യം തന്നെ പറയട്ടെ, ക്ലോക്ക് റൂമിലെ ക്ലോക്ക് നമ്മൾ സമയം നോക്കുന്ന ക്ലോക്ക് അല്ല. Cloak എന്നാണ് ഇതിന്റെ സ്പെല്ലിങ്. ഒരുതരം കോട്ടിന്റെ പേരാണിത്.

പാശ്ചാത്യരായ ആളുകളുടെ ചിത്രങ്ങൾ കൂട്ടുകാർ ശ്രദ്ധിച്ചിട്ടില്ലേ? അവർ നല്ല രസികൻ കോട്ടുകൾ ധരിച്ചിട്ടുണ്ടാവും. തണുപ്പകറ്റുക മാത്രമായിരുന്നില്ല ഈ കോട്ടുകളുടെ ഉദ്ദേശ്യം. പണവും പ്രതാപവുമൊക്കെ പ്രകടിപ്പിക്കാൻ കൂടിയായിരുന്നു ഇത്.

പണ്ട് ഗ്രന്ഥശാലകളിലും പള്ളികളിലും മറ്റുപ്രധാന സ്ഥാപനങ്ങളിലുമൊക്കെ ഇത്തരം കോട്ടുകൾ സൂക്ഷിക്കാനായി പ്രത്യേക സ്ഥലങ്ങൾ ഒരുക്കിയിരുന്നു. മുറിയുടെ ചുമതലക്കാരനായി ഒരാളേയും നിയമിക്കാറുണ്ടായിരുന്നു. അങ്ങനെ ക്ലോക്ക് എന്ന കോട്ട് സൂക്ഷിച്ചിരുന്ന സ്ഥലമാണ് ക്ലോക്ക് റൂം എന്ന് അറിയപ്പെട്ടത്.

പിന്നീട് കോട്ടിനോടൊപ്പം മറ്റു സാധനങ്ങളും ഈ മുറിയിൽ സൂക്ഷിക്കാൻ തുടങ്ങി. അതിന് ചെറിയ ഒരു പ്രതിഫലവും ചിലർ നൽകി പിന്നെപ്പിന്നെ ക്ലോക്ക് റൂം എല്ലാത്തരം സാധനങ്ങളും സൂക്ഷിക്കുന്ന സ്ഥലമായിമാറി! ഇപ്പോൾ പിടികിട്ടിയില്ലേ. ക്ലോക്ക് റൂമിന്റെ പേര് വന്ന വഴി?



## കൈയ്യക്ഷരം

**അ**സാധ്യം എന്നൊരു വാക്ക് എന്റെ നിഘണ്ടുവിലില്ല എന്ന് പ്രഖ്യാപിച്ച നെപ്പോളിയൻ ബോണപ്പാർട്ടിനെക്കുറിച്ച് കേട്ടിട്ടില്ലേ? അദ്ദേഹത്തിന് അസാധ്യമായ ഒരു കാര്യം ഉണ്ടായിരുന്നത്രേ! എന്താണെന്നോ? സ്വന്തം കൈയക്ഷരം വായിച്ചു മനസ്സിലാക്കൽ തന്നെ! അപ്പോൾപ്പിന്നെ മറ്റുള്ളവരുടെ കാര്യം പറയാനുണ്ടോ? ഒരിക്കൽ സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതി തയ്യാറാക്കിയ ഒരു പ്രധാന സൈനികരഹസ്യം ശത്രുക്കളുടെ കൈയിൽപ്പെട്ടു. ഒരു സൈന്യത്തിന്റെ യുദ്ധതന്ത്രങ്ങൾ ശത്രുക്കൾക്കു കിട്ടിയാലുള്ള കഥ പറയണോ?



നെപ്പോളിയനെ മുട്ടുകുത്തിക്കാമെന്ന് ശത്രുക്കളും കരുതി. പക്ഷേ, സൈനികരഹസ്യം വായിക്കാൻ തുടങ്ങിയപ്പോഴല്ലേ രസം. ഒരക്ഷരം പോലും വായിച്ചെടുക്കാൻ കഴിയുന്നില്ല. മോശം കൈയക്ഷരം അല്ലായിരുന്നെങ്കിൽ നെപ്പോളിയൻ തോറ്റ് തുന്നം പാടിയേനെ!

# ശിഥിലമാകുന്ന കുടുംബബന്ധങ്ങൾ



അവിചാരിതമായിട്ടാണ് ടെലിവിഷൻ ചാനലിലെ ആ വാക്കുകൾ മനസ്സിൽ തട്ടിയത്. മിക്കവാറും കണ്ണിലും കാതിലും വീണ് അകാലചരമം പ്രാപിക്കുന്ന കാഴ്ചകളും വാക്കുകളുമാണ് ചാനലുകൾ ഒഴുക്കിവിടുന്നത്. എന്നാൽ, അലങ്കാരധോരണികളോ ആരെയെങ്കിലും ആകർഷിക്കണമെന്ന പ്രകടമായ ഉദ്ദേശ്യമോ ഇല്ലാതെ, ഒരു ഔദ്യോഗിക വാർത്ത അറിയിക്കുന്ന നിസംഗതയോടെ, ആ വാക്കുകൾ ഉച്ചരിക്കപ്പെട്ടു. ആ വാർത്തയിൽത്തന്നെ ഉണ്ടായിരുന്നു ആവശ്യത്തിലേറെ നടുക്കങ്ങൾ. യഥാർത്ഥത്തിൽ അതു നൽകിക്കൊണ്ടിരുന്ന വ്യക്തിയുടെ ഉള്ളിലും തിരകളുയർത്താൻ ഭീതിപ്പെടുന്ന ഒരു കടൽ ഉണ്ടായിരുന്നു. ആ വാക്കുകൾക്കിടയിലെ മൗനങ്ങളിൽ അക്കാര്യം വ്യക്തവുമായിരുന്നു. നിസംഗനല്ലായിരുന്നു ആ മനുഷ്യൻ; അദ്ദേഹത്തിന് അതു സാദ്ധ്യവും അല്ലായിരുന്നു.

കേരളത്തിൽ വിവാഹമോചനക്കേസുകൾ പെരുകുന്നതിനെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ നാല്പത്തിയേഴു ശതമാനം കൂടുതലാണത്രേ ഈ വർഷത്തെ കണക്ക്. കുടുംബക്കോടതിയിലെത്താതെ മൊഴിചൊല്ലി പിരിയുന്നവരുടെ കണക്ക് എത്രയോ എന്തോ?



പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നില്ല എന്നാണ് കേസുമായി എത്തുന്ന ദമ്പതിമാർ നിയമേന പറയുന്നത്. എന്തുകൊണ്ട് പൊരുത്തപ്പെടാൻ കഴിയുന്നില്ല; പൊരുത്തപ്പെടാൻ കഴിയുമോ എന്ന് എത്രവരെ പരീക്ഷിച്ചു നോക്കി; പ്രശ്നങ്ങളുടെ വേരുകൾ എവിടെയാണ് കിടക്കുന്നതെന്ന് സൗമനസ്യത്തോടെ ഇരുവരും ചേർന്ന് വിശകലനം ചെയ്തുനോക്കിയോ? ഇതൊന്നും നമുക്ക് നിശ്ചയമില്ല. അതൊക്കെ സ്വകാര്യമേഖലയാണ്. സ്വകാര്യം എന്ന വാക്കിനർത്ഥം അന്യന് പ്രവേശിച്ചുകൂടാത്ത ഇടം എന്നാണ്. അതിൽ തലയിടാൻ നോക്കുന്നത് മര്യാദകേടാണ്; സുജനങ്ങൾക്ക് പറഞ്ഞിട്ടുള്ള കാര്യമല്ല.

എന്നാലും ദാമ്പത്യത്തിന്റെ പുതുമകെടുംമുമ്പ് ചരമഗതിയടഞ്ഞ സ്വപ്നങ്ങളുടെയും മോഹങ്ങളുടെയും ജീവിതസങ്കല്പങ്ങളുടെയും കുഴിമാടത്തിൽ ഒരു പുഷ്പചക്രം അർപ്പിക്കാൻപോലും മെനക്കെടാതെ, വയ്യാ, ഇനി പിരിയാതെ വയ്യ, എന്ന വാശിയിൽ പോരുകോഴികളെപ്പോലെ തലയുയർത്തിനിൽക്കുന്ന ഈ ഇണകളെക്കുറിച്ച് നമുക്ക് ഒന്നും പറയാൻ അവകാശമില്ലേ? ദൈവം കൂട്ടിച്ചേർത്തതാണ്. പരസ്പരം തുണയായി, സുഖദുഃഖങ്ങൾ പങ്കിട്ട്, ജീവിച്ചുകൊള്ളൂ എന്ന് ആശംസിച്ചു വിട്ടതല്ലേ ഇവരെ? സദ്യയുണ്ടു കൈകഴുകിയപ്പോൾ തീർന്നോ സമൂഹത്തിന്റെ ഉത്തരവാദിത്തങ്ങൾ?

ഗണകന്മാർ പറയുന്ന പൊരുത്തങ്ങൾ പത്തും അതിന്മേൽ മനഃപൊരുത്തവും തികഞ്ഞ് ഒരു ദാമ്പത്യവും ആരംഭിക്കുന്നില്ല. ഭിന്നസാഹചര്യങ്ങളിൽ, ഭിന്ന അഭിരുചികളും ജീവിത ശൈലിയുമായി ജീവിക്കുന്നവർ ഒരു പുതിയ ജീവിതം തുടങ്ങാൻ ആരംഭിക്കുമ്പോൾ പരസ്പരധാരണയും വിട്ടുവീഴ്ചയും ഏറെ വേണ്ടിവരും. അതൊക്കെ മുറിവുകൾ വരാതെ നടക്കുന്നത് സ്നേഹംകൊണ്ടാണ്. പാരുഷ്യങ്ങളൊക്കെ അങ്ങനെയാണ് ഇല്ലാതാകേണ്ടത്. ഞാൻ ശീലിച്ചതൊക്കെ അതേപടി നടക്കണം. ഞാൻ ഇഞ്ചിപക്ഷമെങ്കിൽ ഇണയും അങ്ങനെയായിരിക്കണം, എന്നു ശാഠ്യത്തോടെ നിന്നാൽ അസ്വാരസ്യങ്ങൾ ആരംഭിക്കുകയായി. അങ്ങനെ പെരുകിപ്പെരുകി വരുന്ന പൊരുത്തക്കേടുകൾ വഴിപിരിയലിൽ എത്തുന്നു. വ്യക്തിത്വവും അഹങ്കാരവും ഒന്നല്ല, സ്നേഹം വ്യക്തിത്വത്തിന്റെ ശത്രുവുമല്ല എന്ന വിവേകം അസ്തമിക്കുന്നതാണ് ഇവിടെയെല്ലാം പ്രശ്നം. എന്തിനും പരിഹാരം തിരിച്ചറിവാണ്; എന്റെ ഞരമ്പുരോഗങ്ങളല്ല എന്നെ ഞാനാക്കുന്നത് എന്ന തിരിച്ചറിവാണ്.

ആധുനിക കാലത്ത് പെട്ടന്നുണ്ടായതാണോ ഈ പ്രശ്നം? വളരെ സംശയം. പെണ്ണുങ്ങൾക്ക് വിദ്യാഭ്യാസം കൊടുത്തതും അവർക്ക് ആലോചനാശീലവും വ്യക്തിത്വവും ഉണ്ടായതും സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന വ്യവസ്ഥിതി വന്നതും ആണ് എല്ലാ കുഴപ്പങ്ങൾക്കും കാരണം എന്ന് ആത്മാർത്ഥമായി വിചാരിക്കുന്നവരുണ്ട്. മണ്ണും പെണ്ണും മർദ്ദിക്കപ്പെടുന്തോറും പാകപ്പെടും എന്ന് ചൊല്ലുണ്ടാക്കിയ വിദ്വാന്മാർ തങ്ങളുടെ മനസ്സ് മനുഷ്യത്വത്തിന്റെ സീമയ്ക്കുപുറത്താണ് വ്യാപരിക്കുന്നത് എന്നുകൂടിയാണ് സമർത്ഥിച്ചത്. അടിമയുടെയോ വീട്ടുപകരണത്തിന്റെയോ സ്ഥാനം സ്ത്രീക്ക് സൗജന്യബുദ്ധിയോടെ അനുവദിച്ചുകൊടുക്കുന്ന ഈ പുരുഷാഹംകൃതിയുടെ ചാട്ടവാറടിയേശാത്ത ഒരു സുരക്ഷിതസ്ഥാനം ആധുനിക സമൂഹം സ്ത്രീക്ക് നൽകിയിരിക്കുന്നു. ഈ പുതു നീതി രണ്ട് അപകടങ്ങളിൽ മനുഷ്യനെ കൊണ്ടുപോയി ചാടിച്ചു. പഴയ പുരുഷാധിപത്യത്തിന്റെ നീതിശാസ്ത്രത്തിൽ നിന്ന് അകലാൻ പുരുഷന്മാർ കൂട്ടാക്കിയില്ല; പുതിയ സ്വാശ്രയബോധം യാതൊരു വിട്ടുവീഴ്ചയ്ക്കും സന്നദ്ധമാകരുത്, ഉറച്ചുനിൽക്കണം എന്ന് സ്ത്രീയെ ഉപദേശിച്ചുകൊണ്ടിരുന്നു. ഇവിടെ പരസ്പരം നരകം തീർക്കുകയോ വഴിപിരിയുകയോ ചെയ്യാതെ മാർഗ്ഗമില്ല. എന്തിനു നരകം, ഇബ്സന്റെ നോറയെപ്പോലെ വാതിൽ വലിച്ചടച്ച് ഇറങ്ങുകയല്ലേ ഉചിതം എന്ന് സ്ത്രീ ചിന്തിക്കുന്നു; മോചനമായല്ലോ എന്ന് പുരുഷനും ആശ്വാസം കൊള്ളുന്നു. അല്പം സ്നേഹവും ദൈവവിചാരവും നർമ്മബോധവും ഉണ്ടെങ്കിൽ പരിഹരിക്കാമായിരുന്ന പ്രശ്നങ്ങൾ കോടതിവരാന്തയിലെ ജാള്യം പകരംവാങ്ങി നേരിടുന്ന സ്ഥിതി ഉണ്ടായി. ഒറ്റയ്ക്ക് ജീവിച്ചാലെന്ത്, ഭർത്താവില്ലാതെ അമ്മയായാൽ എന്ത്, ഞാൻ ആരുടെയും ചെലവിലല്ലല്ലോ കഴിയുന്നത് എന്ന അഹങ്കാരം സ്ത്രീക്കും, ഞാൻ എന്തിന് അവളുടെ ഭള്ളും പൊങ്ങച്ചവും സഹിക്കണം എന്ന് പുരുഷനും ചിന്തിക്കുന്നു. ഫലം കുടുംബക്കോടതികളിലെ ജോലിഭാരം ഇരട്ടിക്കുന്നു!

**–തോമസ് മാത്യു**

# ഒരു തെറ്റിദ്ധാരണയുടെ കഥ



അഞ്ജു വിവാഹിതയാണ്. മാത്തപ്പനാണ് ഭർത്താവ്. രണ്ടായിരത്തിരണ്ടിലാണ് വിവാഹം നടന്നത്. ഒരു കുട്ടിയുണ്ട്. മാത്തപ്പന് സ്വന്തമായി ഒരേക്കർ ഭൂമിയും അതിൽ കുറേ റബറുമുണ്ട്. കൂടാതെ അയൽപക്കങ്ങളിലെ മുന്നൂറോളം മരങ്ങളും മാത്തപ്പൻ വെട്ടുന്നുണ്ട്.

അധ്വാനിയായ മാത്തപ്പന് വ്യക്തിപരമായി ഗുണങ്ങളേറെയുണ്ടെങ്കിലും അവയുടെ മാറ്റ് കുറയ്ക്കാൻ പോരുന്ന ഒരു ദോഷം അയാളുടെ ജീവിതത്തിലുണ്ട്. എന്തിനും ഏതിനും തന്റെ ഭാര്യയെ കുറ്റപ്പെടുത്തുന്ന സ്വഭാവം തന്നെ. ഈയൊരു പതിവ് അയാളുടെ ജീവിതത്തിൽ ഇന്നും ഇന്നലെയും തുടങ്ങിയതല്ല; വിവാഹത്തിന്റെ ആദ്യദിനം മുതൽ ആരംഭിച്ചതാണ്. ചില ദിവസങ്ങളിൽ ഈയൊരു പഴിപറച്ചിൽ വലിയ ഒച്ചപ്പാടിലും കലഹത്തിലും കലാശിച്ചിട്ടുമുണ്ട്. വീട്ടിൽനിന്നും ചില സന്ദർഭങ്ങളിലെങ്കിലും ഈ ഒച്ചപ്പാട് അയൽപക്കക്കാരുടെ ചെവികളിലേക്കും എത്തിയിട്ടുണ്ട് എന്നത് പ്രശ്നത്തിന്റെ ഗൗരവം കൂട്ടുന്നു. കഴിഞ്ഞ ദിവസം ബഹളം മൂത്ത് അഞ്ജു ബാഗും എടുത്ത് തന്റെ വീട്ടിലേക്ക് പോകാൻ തുടങ്ങി. മാത്തപ്പന്റെ അപ്പൻ അന്തോനിച്ചനാണ് അന്ന് തന്റെ മരുമകളെ ആ എടുത്തുചാട്ടത്തിൽ നിന്നും പിന്തിരിപ്പിച്ചത്. അഞ്ജുവിന്റെ അങ്കിൾ വഴി എന്റെ സെന്ററിലേക്ക് വന്ന അഞ്ജുവിനോടും മാത്തപ്പനോടും ഞാൻ സംസാരിച്ചു. മാത്തപ്പനെ മാറ്റിനിർത്തി അയാളോടു മാത്രം സംസാരിച്ചപ്പോഴാണ് അയാളെ വിവാഹശേഷമുള്ള നാളുകളിലെല്ലാം നയിച്ചിരുന്ന വലിയൊരു തെറ്റിദ്ധാരണയുടെ കഥ മറ നീക്കി പുറത്തുവന്നത്. മാത്തപ്പന്റെ വിവാഹത്തിനുമുമ്പ് അമ്മ ഒറോമ്മ അയാൾക്ക് ഒരുപദേശം നൽകി. ഭാര്യയെ നിലയ്ക്കുനിർത്താൻ അവളെ കുറ്റപ്പെടുത്തണം; പുകഴ്ത്തിയാൽ അവൾ നിന്റെ തലേൽ കേറും.

ഈയൊരു കാര്യത്തിൽ എനിക്കോ നിങ്ങൾക്കോ മാത്തപ്പനെ പഴിക്കാനാവുമോ? ഇത്തരത്തിൽ ശരിയെന്നു കരുതുന്ന പല തെറ്റിദ്ധാരണകളും നമ്മുടെ കുറേ ദമ്പതികളെയെങ്കിലും വഴിതെറ്റിച്ചിട്ടുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. വഴി തെറ്റിക്കാൻ ചിലപ്പോഴെങ്കിലും കാരണമായിട്ടുള്ളതോ ഒറോമ്മയെപ്പോലുള്ള അമ്മമാരുടെ അപക്വമായ ഇടപെടലുകളും. ജീവിതപങ്കാളിയിൽ ഉള്ളതോ പ്രകടമാകാത്തതോ ആയ കുറവുകളെപ്രതി കുറ്റം പറയാനും ബോധപൂർവ്വം അതിന്റെ പേരിൽ കലഹം ഉണ്ടാക്കാനും തുനിഞ്ഞാൽ പരിണിതഫലം ഇരുവരുടെയും ജീവിതത്തിൽനിന്നും ഒരിക്കലും വിട്ടുമാറാത്ത അസന്തുഷ്ടിതന്നെയായിരിക്കുമെന്നത് ഉറപ്പായ കാര്യമാണ്. ഇരുവരിലുമുള്ള നന്മകണ്ടെത്തി അന്യോന്യം പ്രോത്സാഹിപ്പിക്കുന്നവരാണ് ജീവിതപങ്കാളികളെങ്കിൽ അതാണ് ഇരുവരും തമ്മിലുള്ള ബന്ധം ആരോഗ്യകരമായി നിലനിർത്താനുള്ള പോംവഴി. പങ്കാളിയിൽ കുറവുകൾ കാണുമ്പോൾ നിശിചമായി വിമർശിക്കാതെയും പങ്കാളിയെ കുറ്റപ്പെടുത്താതെയും ഇരുന്നാൽ മാത്രം പോരാ, സഹാനുഭൂതിയോടെ അത്തരം സന്ദർഭങ്ങളിൽ വർത്തിക്കാനും കഴിയണം. അത്തരം അവസരങ്ങളിൽ മറ്റേയാളിന് ആശ്വാസത്തിന്റെയും ക്ഷമയുടെയും താങ്ങും തലോടലും നൽകുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിലെല്ലാം അടിസ്ഥാനം എന്റെ പങ്കാളി എന്റെ സ്വന്തം എന്ന ബോധ്യം തന്നെയാവണം.

**–സിറിയക് കോട്ടയിൽ**

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# ക്ഷമിക്കുമ്പോൾ സംഭവിക്കുന്നത്

ജെ. പി. ദീപിക

ലോകം കണ്ടിട്ടുള്ള പ്രഗത്ഭരായ ചിത്രകാരന്മാരിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്ന അത്ഭുത പ്രതിഭയാണ് ലെയനാർഡോ ഡാവിഞ്ചി (1452–1519). അദ്ദേഹം വരച്ച മോണോലിസയും അന്ത്യഅത്താഴത്തിന്റെ ചിത്രവുമൊക്കെ ഇന്നും ഏവരെയും ഏറെ ആകർഷിച്ചുകൊണ്ടിരിക്കുന്നവയാണ്. ഇറ്റലിയിലെ ഫ്ളോറൻസ് പ്രദേശത്തെ ഡാവിഞ്ചിയിൽ ജനിച്ച അദ്ദേഹം ചിത്രകാരൻ മാത്രമായിരുന്നില്ല. ശില്പി, സംഗീതജ്ഞൻ, സയന്റിസ്റ്റ്, ആർക്കിടെക്റ്റ്, എൻജിനീയർ, മാത്തമാറ്റീഷൻ, ഇൻവെന്റർ, ജിയോളജിസ്റ്റ്, ബയോളജിസ്റ്റ്, അനാറ്റമിസ്റ്റ്, എഴുത്തുകാരൻ എന്നീ നിലകളിലും അദ്ദേഹം പ്രശോഭിച്ചിട്ടുണ്ട്. ഒരുപക്ഷേ, ചരിത്രം കണ്ടിട്ടുള്ള ഏറ്റവും വലിയ ബഹുമുഖപ്രതിഭ ഡാവിഞ്ചിയാണെന്നു പല ചരിത്രകാരന്മാരും കരുതുന്നു.

നൂറ്റാണ്ടുകൾക്കു മുൻപു ജീവിച്ചിരുന്ന ഡാവിഞ്ചി ഹെലിക്കോപ്റ്ററും കാൽക്കുലേറ്ററുമൊക്കെ വിഭാവനം ചെയ്തു എന്നുപറഞ്ഞാൽ അദ്ദേഹത്തിന്റെ പ്രതിഭയുടെ ഉന്നതനിലവാരം നമുക്കു മനസിലാക്കുവാൻ സാധിക്കുമല്ലോ. സിവിൽ എൻജിനീയറിംഗിലും ഓപ്റ്റിക്സിലും ഹൈഡ്രോഡൈനാമിക്സിലുമൊക്കെ അദ്ദേഹം പല കണ്ടുപിടിത്തങ്ങളും നടത്തിയിരുന്നു. അതുകൊണ്ടുതന്നെയാണ് ഡാവിഞ്ചിയെ ഒരു അത്ഭുതപ്രതിഭയായി ലോകം ഇന്നും ആദരിക്കുന്നത്.

'ദി ഫാമിലി ആൽബം' എന്ന പേരിൽആർതർ ആൻഡ് നാൻസി ഡിമോൻ എഴുതിയ പുസ്തകത്തിൽ ഡാവിഞ്ചിയെക്കുറിച്ചു ഒരു സംഭവം വിവരിക്കുന്നുണ്ട്. ഡാവിഞ്ചി അന്ത്യ അത്താഴത്തിന്റെ ചിത്രം വരയ്ക്കുന്ന അവസരം, തന്റെ മാസ്റ്റർപീസായി മാറ്റണമെന്ന ഉദ്ദേശത്തോടെ വളരെ കരുതലോടുകൂടിയായിരുന്നു അദ്ദേഹം ആ ചിത്രം വരയ്ക്കുവാൻ ആരംഭിച്ചത്. എന്നാൽ അതിനിടയിൽ അദ്ദേഹം ഒരാളുമായി ശണ്ഠകൂടുവാൻ ഇടയായി. ഉള്ളതും ഇല്ലാത്തതുമായ ആരോപണങ്ങൾ അവർ പരസ്പരം ഉന്നയിച്ചു. തോറ്റുകൊടുക്കുന്ന സ്വഭാവക്കാരനായിരുന്നില്ല ഡാവിഞ്ചി. തന്മൂലം പറയരുതാത്ത പല കാര്യങ്ങളും അദ്ദേഹം പറഞ്ഞു. വാക്കുതർക്കത്തിൽ ജയിച്ചു എന്നു തോന്നിയെങ്കിലും അസ്വസ്ഥമായ മനസുമായിട്ടായിരുന്നു അദ്ദേഹം തന്റെ സ്റ്റുഡിയോയിൽ അന്നു തിരിച്ചെത്തിയത്.

സ്റ്റുഡിയോയിൽ മടങ്ങിയെത്തിയ ഡാവിഞ്ചി അന്ത്യത്താഴ ചിത്രത്തിലെ യേശുവിന്റെ മുഖം പൂർത്തിയാക്കുവാനാണ് ശ്രമിച്ചത്. എന്നാൽ, എത്ര ശ്രദ്ധയോടെ വരയ്ക്കാൻ ശ്രമിച്ചിട്ടും ചിത്രരചന മുന്നോട്ടുപോകുന്നില്ല. ബ്രഷ് പിടിച്ചിരുന്ന കൈകൾക്കു ബലം നഷ്ടപ്പെട്ട പ്രതീതിയായിരുന്നു അപ്പോൾ.



ബുദ്ധിമാനായ ഡാവിഞ്ചിക്കു കാര്യം മനസിലായി. അദ്ദേഹം ബ്രഷ് താഴെവച്ചിട്ടു താൻ മുമ്പു വഴക്കുകൂടിയ ആളെ അന്വേഷിച്ചുപോയി. അയാളെ കണ്ടെത്തിയ ഉടനെ ഡാവിഞ്ചി അദ്ദേഹത്തോടു നിരുപാധികം മാപ്പുപറഞ്ഞു. അതോടെ അവർ വീണ്ടും സുഹൃത്തുക്കളായി. അതിനുശേഷം സ്റ്റുഡിയോയിൽ തിരിച്ചെത്തിയപ്പോൾ അദ്ദേഹം ഏറെ ഉന്മേഷവാനായിരുന്നു. അന്നുതന്നെ അന്ത്യ അത്താഴത്തിലെ യേശുവിന്റെ മുഖം പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

നമ്മുടെ ജീവിതത്തിൽ വഴക്കും വിദ്വേഷവുമൊക്കെ ഉണ്ടാവുക സ്വാഭാവികമാണ്. നമ്മിൽ ചിലരെങ്കിലും കലഹപ്രിയരായതുകൊണ്ടു വഴക്കും പകയുമൊക്കെ ഇല്ലാതാക്കുക എളുപ്പമല്ല. എന്നാൽ, ജീവിതത്തിലെ വഴക്കും വക്കാണവും വഴി നമുക്കുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചു നാം ബോധവാന്മാരാണോ?

നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരോടു പകയും വിദ്വേഷവുമുണ്ടെങ്കിൽ നമ്മിലെ സർഗശക്തി ശരിയായ രീതിയിൽ പ്രവർത്തിക്കുകയില്ല എന്നതാണു വാസ്തവം.

ഡാവിഞ്ചി ബഹുമുഖപ്രതിഭയായിരുന്നുതുകൊണ്ട് തീർച്ചയായും താൻ കേമനാണെന്നു ഭാവിച്ചു വഴക്കുണ്ടാക്കിയ ആളിനോടു ക്ഷമ ചോദിക്കാതെ മുന്നോട്ടു പോകാമായിരുന്നു. പക്ഷേ, അങ്ങനെ അദ്ദേഹം ചെയ്തില്ല. അതിനു പകരം താൻ തെറ്റു ചെയ്ത ആളിനോടു ക്ഷമ ചോദിക്കുവാൻ തയാറായി. അതുവഴിയായി ഡാവിഞ്ചിക്കു തന്നെയാണു ഏറ്റവും വലിയ നേട്ടമുണ്ടായത്.

നാം തെറ്റുചെയ്തവരോടു മാപ്പുചോദിക്കുമ്പോഴും നമ്മോടു തെറ്റു ചെയ്തവരോടു നാം ക്ഷമിക്കുമ്പോഴും നേട്ടമുണ്ടാകുന്നതു നമുക്കു തന്നെയാണ്. ഇക്കാര്യം മനസിലാക്കുന്നതിനുള്ള ബുദ്ധിശക്തിയോ വിവേചനശക്തിയോ ഇല്ലാത്തതുകൊണ്ടല്ലേ നാം പലപ്പോഴും പകയോടെ പ്രവർത്തിക്കുന്നതും മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുവാൻ വിസമ്മതിക്കുന്നതും?

ഹെന്റിക് സിയെങ്കേവിച്ച് എന്ന എഴുത്തുകാരന് നൊബേൽ സമ്മാനം നേടിക്കൊടുക്കുന്നതിനു വഴിതെളിച്ച ഒരു ചരിത്രനോവലാണ് 'ക്വോവാദിസ്'. റോമൻ ചക്രവർത്തിയായിരുന്ന നീറോ (37–68)യുടെ ഭരണകാലത്തു നടന്ന സംഭവമാണ് നോവലിലെ ഇതിവൃത്തം. പോളിഷ് ഭാഷയിലാണ് ആദ്യം ഈ നോവൽ എഴുതിയത്.

'ക്വോവാദിസ്' എന്ന ലാറ്റിൻഭാഷാ പ്രയോഗത്തിന്റെ അർത്ഥം "നീ എവിടേക്കാണു പോകുന്നത്?" എന്നാണ്. അപ്പോസ്തലന്മാരായ പത്രോസും പൗലോസുമൊക്കെ പ്രത്യക്ഷപ്പെടുന്ന ഈ നോവലിന്റെ പ്രധാന കഥയിലേക്ക് ഇവിടെ കടക്കുന്നില്ല. അതിനുപകരം നോവലിലെ പ്രധാന കഥാപാത്രമായ ചിലോയെ അവതരിപ്പിക്കാനാണു ശ്രമിക്കുന്നത്.

ബുദ്ധിശാലിയാണു ചിലോ. നീറോ ചക്രവർത്തിയുടെ സന്തതസഹചാരിയായിരുന്ന ചിലോ സകല ദുഷ്ടതകളുടെയും അവതാരമായിരുന്നു. തന്റെ സ്നേഹിതനായിരുന്ന ഗ്ലാവ്ക്കസിനെ വഞ്ചിക്കുകയും അദ്ദേഹത്തിന്റെ ഭാര്യയെയും പുത്രനെയും അടിമകളാക്കി വിൽക്കുകയും ചെയ്ത നീചനാണു ചിലോ.

ചിലോയുടെ വഞ്ചനയുടെ ഫലമായി ക്രൈസ്തവനായ ഗ്ലാവ്ക്കസ് നീറോ ചക്രവർത്തിയുടെ ഭടന്മാരാൽ പിടിക്കപ്പെട്ടു. ക്രിസ്ത്യാനി ആണ് എന്നതിന്റെ പേരിൽ ഗ്ലാവ്ക്കസ് മരണത്തിനു വിധിക്കപ്പെടുകയും ചെയ്തു.

കൽത്തൂണിന്മേൽ കെട്ടി തീവെച്ചു കൊല്ലുവാനായിരുന്നു ഗ്ലാവ്ക്കസിനു ലഭിച്ച വിധി. വത്തിക്കാൻ ഗാർഡൻസിൽ ഗ്ലാവ്ക്കസ് തീയിൽ വെന്തുമരിച്ചുകൊണ്ടിരിക്കുമ്പോൾ നീറോ ചക്രവർത്തിയും ചിലോയും ആ വഴി വരുവാനിടയായി.

അപ്പോൾ ചിലോ ഗ്ലാവ്ക്കസിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. മരണത്തോടു മല്ലടിച്ചുകൊണ്ടിരുന്ന ഗ്ലാവ്ക്കസിന്റെ മുഖം ശാന്തമായിരുന്നു.

പെട്ടെന്ന് ചിലോയുടെ മനഃസാക്ഷി അയാളെ കുറ്റപ്പെടുത്തി. നിരപരാധിയായ ഗ്ലാവ്ക്കസിനെ തീയിൽ ചുട്ടെരിക്കുന്നതിനു താൻ കാരണക്കാരനായല്ലോ എന്നോർത്തപ്പോൾ അദ്ദേഹം പശ്ചാത്താപവിവശനായി.

തന്റെ ശരീരം കത്തിയെരിയുമ്പോഴും ശാന്തത കൈവിടാതെ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഗ്ലാവ്ക്കസിനെ നോക്കി ഇരുകരങ്ങളും ഉയർത്തിക്കൊണ്ട് ചിലോ യാചിച്ചു: ''യേശുവിനെ ഓർത്തു ദയവായി എന്നോടു ക്ഷമിക്കൂ!'' ഉടനെ ഗ്ലാവ്ക്കസ് തല ഉയർത്തി ചിലോയുടെ നേരെ നോക്കി മന്ത്രിച്ചു: "ഞാൻ ക്ഷമിക്കുന്നു."

ഈ സംഭവത്തെ തുടർന്ന് ചിലോ അപ്പോസ്തലനായ പൗലോസിനെ കണ്ടുമുട്ടുകയും അദ്ദേഹത്തിൽ നിന്ന് സ്നാനം സ്വീകരിക്കുകയും ചെയ്തു. ചിലോ ക്രിസ്ത്യാനിയായി മാറിയതിന്റെ പിറ്റേദിവസം അദ്ദേഹം പിടിക്കപ്പെട്ടു. അപ്പോൾ ക്രൈസ്തവവിശ്വാസം ഉപേക്ഷിക്കുവാൻ അദ്ദേഹത്തോടു നീറോയുടെ പടയാളികൾ ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം അതിനു വഴങ്ങിയില്ല. മരണശിക്ഷയായിരുന്നു അതിന്റെ ഫലം.

ചിലോയെ പീഡിപ്പിച്ചു വധിക്കുവാനായി പടയാളികൾ അദ്ദേഹത്തെ ബന്ധിച്ചപ്പോൾ അദ്ദേഹം അവരുടെ കൈ മുത്തുകയും അവരോടു ക്ഷമിക്കുകയും ചെയ്തു. ഗ്ലാവ്ക്കസിനാൽ ക്ഷമിക്കപ്പെട്ടവനായ ചിലോ തന്റെ ഘാതകരോടു ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടാണു മരണത്തെ നേരിട്ടത്.

ചിലോ എന്ന ദുഷ്ടൻ ഗ്ലാവ്ക്കസിനോടു ചെയ്തതു വലിയ അപരാധമായിരുന്നു. പക്ഷേ, തീയിൽ വെന്തുമരിക്കുമ്പോഴും ചിലോയോട് ക്ഷമിക്കാൻ ഗ്ലാവ്ക്കസിനു സാധിച്ചു. എന്നാൽ നമ്മുടെ കാര്യം എടുക്കുക. ആരെങ്കിലും നമ്മോടു തെറ്റു ചെയ്താൽ അതു ക്ഷമിക്കുവാൻ നമുക്കു എത്ര ബുദ്ധിമുട്ടാണ്. നമുക്കെതിരെ ചെയ്ത തെറ്റിനെക്കുറിച്ചു അവർ മാപ്പുചോദിച്ചാലും ആ തെറ്റു ക്ഷമിക്കുവാൻ അത്രപെട്ടന്ന് നാം തയാറാവുമോ?

മറ്റുള്ളവർ നമുക്കെതിരായി ചെയ്യുന്ന തെറ്റുകൾ പരാതികൂടാതെ ക്ഷമിക്കുന്നവരാണെങ്കിൽ അതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ, മറ്റുള്ളവർ നമുക്കെതിരെ ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കുവാൻ നാം വിസമ്മതിച്ചാൽ അവർക്കെന്നതുപോലെ നമുക്കും വലിയ നഷ്ടത്തിന് അതുവഴി തെളിക്കുമെന്നു തീർച്ചയാണ്.

വില്യം ആർതർ വാർഡ് എന്ന അമേരിക്കൻ പ്രചോദനാത്മക എഴുത്തുകാരൻ പറയുന്നതനുസരിച്ചു നാം ക്ഷമിക്കുകയാണെങ്കിൽ നമ്മിൽ വലിയൊരു അത്ഭുതം സംഭവിക്കും. അതെന്താണെന്നോ? നാം മറ്റുള്ളവരുടെ തെറ്റുകൾ അവരോടു ക്ഷമിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ നവജീവനുണ്ടാകും. അതുപോലെ, ആ നിമിഷം തന്നെ നമ്മിലെ മുറിവ് കരിയുകയും ചെയ്യും.

അതേ, മറ്റുള്ളവരുടെ തെറ്റുകൾ ക്ഷമിക്കുമ്പോൾ അതുവഴി നമ്മിലുണ്ടാകുന്ന ഫലം അത്ഭുതാവഹം തന്നെയാണ്. രക്തസാക്ഷിയായ ഗ്ലാവ്ക്കസിന്റെ മാതൃക മറ്റുള്ളവരോടു ക്ഷമിക്കാൻ ചിലോയെ പ്രേരിപ്പിച്ചു. നാം മറ്റുള്ളവരോടു അവരുടെ തെറ്റുകൾ ക്ഷമിക്കുമ്പോൾ അവർക്കും അവരെ ദ്രോഹിക്കുന്നവരോടു ക്ഷമിക്കുവാൻ സാധിക്കും. നമ്മൾ അതിനു കാരണക്കാരാവുകയും ചെയ്യുന്നു.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598

# നമ്മുടെ മുൻവിധികൾ

ഫ്രാൻസീസ് കരിമ്പടക്കുഴി

അറിഞ്ഞോ അറിയാതെയോ നാമെല്ലാം മുൻവിധിയുള്ളവരാണ്. നമുക്കത് തിരിച്ചറിയാൻ കഴിയാറില്ല എന്നതാണു സത്യം. കേട്ടറിഞ്ഞതോ ചിലപ്പോൾ നേരിട്ടനുഭവപ്പെട്ടതോ ആയ ചില സംഭവങ്ങളിൽനിന്നുമാണ് മുൻവിധികൾ രൂപം കൊള്ളുന്നത്. ഇവ പൂർണമായും ശരിയാകണമെന്നില്ല. അന്ധമായി ഇവയെ പിന്തുടരുക വഴി ചിലപ്പോൾ നമുക്കുതന്നെയും മറ്റുള്ളവർക്കും ലഭിക്കാവുന്ന സുവർണാവസരങ്ങൾ നഷ്ടപ്പെടുത്തിയെന്നും വരാം.



ദശാബ്ദങ്ങൾക്കു മുമ്പ് ഒരു മെത്രാൻ മാസങ്ങൾ നീണ്ട ഒരു വിദേശയാത്ര കഴിഞ്ഞ് കപ്പലിൽ മടങ്ങുകയായിരുന്നു. വിമാനയാത്രകൾ അത്യപൂർവങ്ങളായിരുന്ന കാലം, വിദേശയാത്രകൾ ഏറെ സമയമെടുക്കുന്നവയുമായിരുന്നു. സ്വന്തം നാട്ടിൽ പാവപ്പെട്ടവരുടെയും ഭൂരഹിതരുടെയും പുനരധിവാസം, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ചികിത്സ തുടങ്ങിയ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു അദ്ദേഹം. ഈ ആവശ്യങ്ങളെ മുൻനിർത്തി വിദേശത്തെ സമ്പന്നരായ സുമനസുകളിൽനിന്നും സമാഹരിച്ച ഭേദപ്പെട്ട ഒരു തുക അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. രാജ്യാന്തര നാണയമാറ്റങ്ങൾക്ക് ഇപ്പോഴുള്ളതുപോലെ എളുപ്പമാർഗങ്ങൾ അക്കാലത്ത് ലഭ്യമല്ലാതിരുന്നതിനാൽ പണമായിത്തന്നെ കൊണ്ടുപോരേണ്ടിയിരുന്നു.

ആഴ്ചകൾ നീളുന്ന കപ്പൽയാത്ര. കപ്പലിൽ സൗകര്യങ്ങൾ വളരെ കുറവായിരുന്ന കാലം, വേഗതയും കുറവ്. ഉള്ളറകളിലൊന്നിൽ രണ്ടുപേർക്കു താമസിക്കാവുന്ന ഒരു ചെറിയ ക്യാബിൻ ആണ് അദ്ദേഹത്തിനു ലഭിച്ചത്. കറുത്ത നിറവും ചുരുണ്ട മുടിയും തടിച്ച ചുണ്ടുകളും വിചിത്രവേഷവിധാനങ്ങളുമുള്ള ഗൗരവപ്രകൃതക്കാരനായ മെലിഞ്ഞ ഒരു മനുഷ്യനായിരുന്നു അദ്ദേഹത്തിന്റെ മുറിയിലെ സഹയാത്രികൻ. സംസാരം പൊതുവെ കുറവ്. എപ്പോഴും ആലോചനാഭാവം. അയാളുടെ രൂപഭാവങ്ങൾ മെത്രാനിൽ സംശയം ജനിപ്പിച്ചു. കൈയിലുള്ള പണം നഷ്ടപ്പെടുമോ? പണം നഷ്ടപ്പെട്ടശേഷം പരാതിയുമായി പോകുന്നതിലും ഉചിതം നഷ്ടപ്പെടാതെ നോക്കുകയാണല്ലോ. നല്ലവരായ ആളുകൾ അവരുടെ അധ്വാന ഫലത്തിന്റെ ഒരു ഭാഗം പാവങ്ങളുടെ രക്ഷക്കായി ഏല്പിച്ചത് സ്വന്തം പിടിപ്പുകേടുകൊണ്ടു നഷ്ടമായാൽ മനുഷ്യരുടെയും ദൈവത്തിന്റെയും, സർവോപരി സ്വമനഃസാക്ഷിയുടെയും മുമ്പിൽ നീതീകരണമുണ്ടാവില്ല.

കപ്പൽ യാത്രയ്ക്കിടെ യാത്രക്കാരുടെ വിലപിടിപ്പുള്ള വസ്തുക്കളും പണവും ആവശ്യമെങ്കിൽ സൂക്ഷിക്കുകയും അവരുടെ ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥനാണ് പഴ്സർ. കടൽക്കൊള്ളകൾ വ്യാപകമായിരുന്ന അക്കാലത്ത് ഈ ക്രമീകരണം തികച്ചും ആവശ്യമായിരുന്നു. കൈവശമുള്ള പണം പ്രസ്തുത ഓഫീസറെ ഏല്പിച്ചുകൊണ്ടു മെത്രാൻ തുറന്നുപറഞ്ഞു. ദയവായി ഈ തുക സൂക്ഷിക്കൂ. യാത്രാവസാനം തിരികെ വാങ്ങിക്കൊള്ളാം. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നല്ല ആളുകൾ തന്നതാണ്. എന്റെ സഹയാത്രികന്റെ കെട്ടും മട്ടും കണ്ടിട്ട് എനിക്ക് അല്പം ഭയവും സംശയവും തോന്നുന്നു.

ഓഫീസർ രേഖകൾ മറിച്ചുനോക്കി. സഹയാത്രികന്റെ പേരു കണ്ടുപിടിച്ചു. അദ്ദേഹത്തിന്റെ ചുണ്ടിൽ ഒരു ചിരി വിരിഞ്ഞു. ക്രിസ്ത്യാനിയായ അദ്ദേഹം ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു. തിരുമേനി ഭയപ്പെടേണ്ട. പണം എന്റെ പക്കൽ സുരക്ഷിതമായിരിക്കും. കൂടെയുള്ളയാൾ പലപ്പോഴും ഈ കപ്പലിൽ യാത്ര ചെയ്യാറുണ്ട്. ആഫ്രിക്കക്കാരനായ ഒരു വൻകിട വ്യാവസായിയാണയാൾ. നല്ല മനുഷ്യനാണ്. ഞാൻ ചിരിച്ചത് മറ്റൊരു കാര്യംകൊണ്ടാണ്. കുറച്ചുമുമ്പ് അയാൾ തന്റെ കൈയിലുള്ള ഭീമമായ തുകയും എന്നെ ഏല്പിച്ചിട്ടുണ്ട്. ഏല്പിക്കുമ്പോൾ പറഞ്ഞത് കൂടെയുള്ളയാളുടെ വസ്ത്രധാരണവും പതുങ്ങിയ നടപ്പും അയാൾക്കും സംശയമുളവാക്കുന്നുണ്ട് എന്നാണ്. നിങ്ങൾ രണ്ടുപേരും സമാധാനമായി യാത്ര ആസ്വദിക്കുക. രണ്ടുപേരുടെയും പണം എന്റെ പക്കൽ സുരക്ഷിതമാണ്. നിങ്ങൾ രണ്ടാളും പരിചയപ്പെടുക നല്ലതാണ്. സമയം കിട്ടുമ്പോൾ ഞാനും നിങ്ങളുടെ ക്യാബിനിൽ വരാൻ ശ്രമിക്കാം. അപ്പോൾ നാം മൂവരും സുഹൃത്തുക്കളായി മാറാനാണു സാധ്യത.

ദിവസങ്ങൾ കടന്നുപോകവേ, മെത്രാൻതന്നെ മുൻകൈയ്യെടുത്ത് പരിചയപ്പെടാൻ ആരംഭിച്ചു. വ്യവസായിക്കു സംസാരം കുറവായിരുന്നെങ്കിലും മെത്രാന്റെ ഹൃദ്യമായ സംസാരത്തിൽ അദ്ദേഹം ആകൃഷ്ടനായി. ഓഫീസറുടെ ഇടയ്ക്കിടെയുള്ള സന്ദർശനം കൂടിയായപ്പോൾ വ്യവസായിയുടെ ഇംഗ്ലീഷ് ഭാഷയിലെ പരിജ്ഞാനക്കുറവും ഏതാണ്ട് പരിഹരിക്കപ്പെട്ടു. ചിരപരിചിതരായ മൂന്നു സുഹൃത്തുക്കളുടെ സംഗമവേദി പോലെയായി ആ ഇടുങ്ങിയ മുറി. സംശയത്തിന്റെ മഞ്ഞുപടലം നീങ്ങിയതോടെ ഹൃദയങ്ങൾപോലും പരസ്പരം കാണാമെന്നായി.

പാവപ്പെട്ടവരുടെ സാമൂഹ്യ ഉന്നമനത്തിനായി ക്രിസ്തീയസഭകൾ സ്വീകരിച്ചുവരുന്ന ഉദാത്തമായ നടപടികൾ ആ വ്യവസായിയെ ആകർഷിച്ചു. ഒരു ശിശുവിന്റെ ആകാംക്ഷയോടെ അയാൾ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. അറിഞ്ഞ കാര്യങ്ങൾ അയാളെ അത്ഭുതപ്പെടുത്തുകതന്നെ ചെയ്തു.

കഥയുടെ പരിണാമഗുപ്തിയാണ് ഏറെ കൗതുകകരം. യാത്രാവസാനം പഴ്സറുടെ സാന്നിധ്യത്തിൽ മൂവരും പരസ്പരം ഹസ്തദാനം ചെയ്തും ആലിംഗനം ചെയ്തും പിരിയുന്ന സമയം വ്യവസായി കുറച്ചു പണം മെത്രാനെ ഏല്പിച്ചുകൊണ്ടു പറഞ്ഞു. ഇത് താങ്കളുടെ നാട്ടിലെ പാവങ്ങൾക്ക് എന്റെ വിഹിതമാണ്. ഭാവിയിലും സഹായിക്കാൻ ശ്രമിക്കാം. തുക എണ്ണിനോക്കിയ മെത്രാൻ അത്ഭുതപരതന്ത്രനായി. താൻ പലരിൽനിന്നായി ശേഖരിച്ച മൊത്തം പണത്തിന്റെ അത്രതന്നെയുണ്ടായിരുന്നു ആ പൊതിയിൽ. തന്നിലൂടെ ദൈവം ഒരു അത്ഭുതം പ്രവർത്തിച്ചു എന്ന തോന്നലിൽ കണ്ടുനിന്ന ഓഫീസർ സന്തോഷാശ്രു നിറഞ്ഞ കണ്ണുകൾ നന്ദി സൂചകമായി ദൈവത്തിങ്കലേക്കുയർത്തി.

ഒരാളുടെ പ്രത്യേക അവസരത്തിലെ മോശം പെരുമാറ്റമോ ഉപയോഗിച്ച വാക്കുകളോ ആണല്ലോ നമ്മിൽ ധാരണകൾ വളർത്തുന്നത്. അത് അയാളുടെ ജീവിതശൈലിയോ സ്ഥിരം സ്വഭാവമോ ആണെന്നു നാം ധരിച്ചുവശാകുന്നു. സത്യം മറിച്ചാകാം.

ജീവിതത്തിൽ നാം ഇടപെടുന്നവരെക്കുറിച്ച് ബോധ്യങ്ങൾ ഉണ്ടായിരിക്കേണ്ടത് അത്യന്താപേക്ഷിതം തന്നെ. പക്ഷെ നമ്മുടെ ബോധ്യങ്ങൾ വെറും മുൻവിധികളായാൽ അത് നമുക്കുതന്നെയും ചിലപ്പോൾ മറ്റുള്ളവർക്കും നഷ്ടം വരുത്തുമെന്നു മാത്രമല്ല സുവർണാവസരങ്ങൾ കളഞ്ഞുകുളിച്ചെന്നും വരാം

# കർത്തൃപ്രാർത്ഥന : അറിയാത്തതും അറിയേണ്ടതും



കർത്തൃപ്രാർത്ഥനയുടെ ഘടന നിരീക്ഷിക്കാമെങ്കിൽ വിപരീത ദിശയിലേക്കുള്ള രണ്ടു ചലനങ്ങൾ കാണാം. ഒന്നാമത്തേത് ഉന്നതത്തിലേക്ക്, സ്വർഗ്ഗത്തിലേക്കുള്ളത്. പിതാവ്, അവന്റെ നാമം, അവന്റെ രാജ്യം, അവന്റെ ഇഷ്ടം. രണ്ടാമത്തേത് ഭൗമീകമാണ്. അപ്പം, ക്ഷമ, പരീക്ഷ, തിന്മ. മൂന്നുകാര്യങ്ങൾ സ്വർഗ്ഗോന്മുഖവും നാല് അപേക്ഷകൾ ഭൗമീകവുമാണ്. ആദ്യത്തെ മൂന്നും സ്വർഗ്ഗോന്മുഖമാകയാൽ വി. ത്രിത്വത്തിന്റെ ഒരു സൂചന ഇവിടെ ലഭിക്കുന്നു. രണ്ടാമത്തെ നാലു ഭൗമീക സംഗതികൾ ലോകത്തെ മുഴുവനും പ്രതിനിധീകരിക്കുന്നു. അപ്പോൾ കർത്തൃപ്രാർത്ഥന മൊത്തമായി ദൃശ്യവും അദൃശ്യവുമായ സമസ്തലോകങ്ങളെയും ഉൾക്കൊള്ളുന്നു എന്നത് ഇതിന്റെ മാത്രമായ പ്രത്യേകതയാണ്. വിശ്വാസത്തിന് രണ്ടു തൂണുകൾ ഉണ്ട്. ഒന്നാമത്, ഉന്നതത്തിൽ ദൈവത്തിങ്കലേക്കു നോക്കി അവന്റെ പ്രകാശത്തെ ധ്യാനിക്കുന്നു. മറ്റേത്, ഭൂമിയിലേക്കു തിരിഞ്ഞ് അന്ധകാരത്തിന്റെ പരാജയങ്ങളെ തിരിച്ചറിയുന്നു.

കർത്തൃപ്രാർത്ഥനയിൽ ദൈവത്തിനു പ്രാഥമികസ്ഥാനം നൽകുന്നു. എന്നിട്ടുമാത്രമെ നമ്മിലേക്കും നമ്മുടെ ആവശ്യങ്ങളിലേക്കും തിരിയുന്നുള്ളു. ദൈവത്തിന് ശരിയായ സ്ഥാനം കൊടുക്കുമ്പോൾ മറ്റെല്ലാ വസ്തുതകളും ശരിയായ സ്ഥാനത്തായിക്കൊള്ളും. പ്രാർത്ഥന നമ്മുടെ ഇഷ്ടത്തെ ദൈവേഷ്ടമായി വളച്ചൊടിക്കുവാനല്ല. പ്രാർത്ഥനയിലൂടെ നമ്മുടെ ഇച്ഛയെ ദൈവേച്ഛയ്ക്കു കീഴ്പ്പെടത്തി കൊടുക്കുകയാണ്. മനുഷ്യജീവിതത്തിനാവശ്യമായ രണ്ടാമത്തെ ഭാഗത്തിലെ മൂന്നപേക്ഷകൾ കാലത്തിന്റെ മൂന്നു തലങ്ങളിലേക്കും കടന്നു ചെല്ലുന്നു. ഒന്നാമത് അപ്പത്തിനായുള്ള അപേക്ഷയിലൂടെ ജീവസന്ധാരണത്തിനാവശ്യമായ സകലതും നാം യാചിക്കുന്നു. അതിലൂടെ വർത്തമാനകാലത്തിന്റെ ആവശ്യങ്ങൾ മുഴുവനായി ദൈവസിംഹാസനത്തിനു മുമ്പാകെ സമർപ്പിക്കുന്നു. രണ്ടാമത്, പാപക്ഷമയ്ക്കായി യാചിക്കുന്നു. അതിലൂടെ നമ്മുടെ കഴിഞ്ഞ കാലത്തെ (ഭൂതകാലം) ദൈവസന്നിധിയിൽ കൊണ്ടുവന്ന് ദൈവത്തിന്റെ ക്ഷമയ്ക്കായും കൃപയ്ക്കായും യാചിക്കുന്നു. മൂന്നാമത്, പരീക്ഷയിലുള്ള സഹായത്തിനായി അപേക്ഷിക്കുമ്പോൾ നമ്മുടെ ഭാവി മുഴുവനും തൃക്കരങ്ങളിൽ സമർപ്പിക്കുകയാണ്. ജീവിത നന്മയ്ക്കും മേന്മയ്ക്കുമായി ഈ മൂന്നു ചെറിയ അപേക്ഷകളിലൂടെ നമ്മുടെ ഭൂതവർത്തമാനഭാവികാലങ്ങളെ സർവ്വസ്വവുമായി ദൈവതൃപ്പാദങ്ങളിൽ അർപ്പിക്കുകയാണ്. നമ്മുടെ ജീവിതം മുഴുവൻ ദൈവസന്നിധിയിലായിരിക്കണമെന്ന് ഇതോർപ്പിക്കുന്നു. മാത്രമല്ല ദൈവത്തെ മുഴുവനായി നമ്മുടെ ജീവിതത്തിലേക്കു കൊണ്ടുവരുവാൻ ആഹ്വാനം ചെയ്യുന്നു. നാം അപ്പത്തിനായി (ഭൗമിക ജീവിതത്തിനാവശ്യമായ സകലതിനുമായി) യാചിക്കുമ്പോൾ, ആ അപേക്ഷ ഉടൻതന്നെ നമ്മുടെ ചിന്തകളെ സൃഷ്ടാവും സമസ്ത ജീവിത പരിപാലകനുമായ പിതാവായ ദൈവത്തിലേക്കു തിരിക്കുന്നു. ക്ഷമയ്ക്കായി യാചിക്കുമ്പോൾ ആ അപേക്ഷ നമ്മുടെ ചിന്തയെ രക്ഷിതാവും വിമോചകനുമായ ദൈവപുത്രനായ യേശുക്രിസ്തുവിലേക്കു തിരിക്കുന്നു. ഭാവി പരീക്ഷയിൽ സഹായത്തിനായി യാചിക്കുമ്പോൾ ആ അപേക്ഷ ആശ്വസിപ്പിക്കുകയും, ജീവിപ്പിക്കുകയും, ശക്തീകരിക്കുകയും ചെയ്യുന്ന, സർവ്വസത്യത്തിലും വഴിനടത്തുന്ന പരിശുദ്ധാത്മാവിലേക്കു തിരിക്കുന്നു. സംക്ഷിപ്തമായി പറഞ്ഞാൽ കർത്തൃപ്രാർത്ഥനയുടെ രണ്ടാംഭാഗം വർത്തമാന ഭൂതഭാവികാലങ്ങളെ, മനുഷ്യന്റെ സമസ്ത ജീവിതത്തെയും പിതൃപുത്രപരിശുദ്ധാത്മാവായ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

**വെളിപ്പാട് 3:14-ൽ ദൈവസൃഷ്ടിയുടെ ആരംഭമായ "ആമേൻ" എന്നു കാണുന്നു. ആമേൻ എന്ന പദം ദൈവത്വത്തെ കാണിക്കുന്നതല്ല. സൃഷ്ടിയുടെ ആരംഭം എന്നു പറയുമ്പോൾ സൃഷ്ടിക്കപ്പെട്ടവൻ എന്നർത്ഥം. യേശു ദൈവമല്ല എന്നല്ലേ ഈ വാക്യം വ്യക്തമാക്കുന്നത്. ?**

***-ഷാജി തോമസ്, സീതത്തോട്, കൊച്ചുകോയിക്കൽ, പത്തനംതിട്ട***

അനിശ്ചിതമായ ധനത്തിൽ ആശ്രയിച്ചിരിക്കുന്നവർക്കു മുന്നിൽ യേശു തന്നെ പരിചയപ്പെടുത്തുന്നു "വിശ്വസ്തനും, സത്യവാനും, ആമേൻ എന്നുള്ളവനും" (വാ. 14).

ബൈബിളിൽ ഇതാദ്യമായിട്ടാണ് "ആമേൻ" എന്നത് ഒരു സർവ്വനാമമായി ഉപയോഗിച്ചിരിക്കുന്നത്. പ്രാർത്ഥന അവസാനിപ്പിക്കുന്ന വെറുമൊരു ക്രിയയായിട്ടാണ് ചിലർ "ആമേൻ" എന്നതിനെ കാണുന്നത്, എന്നാൽ ഈ വാക്കിന് പ്രത്യേക അർത്ഥമുണ്ട്. ആദ്യം അത് ഒരു എബ്രായ വാക്കായിരുന്നു, പിന്നെ ഗ്രീക്ക് വാക്കായി, അതിനുശേഷം ഇംഗ്ലീഷ് വാക്കായി; എന്നാൽ ഏതു ഭാഷയിലും സത്യത്തെ ഉറപ്പിക്കുന്ന വാക്കാണത്. നാം പരസ്യപ്രാർത്ഥനയുടെ അവസാനം ആമേൻ പറഞ്ഞുകൊണ്ട് (1 കൊരി. 14:16) പ്രാർത്ഥനയുടെ അംഗീകാരത്തെ ഉറപ്പിക്കുകയാണ്. ഒരു ബൈബിൾ സന്ദേശം കേട്ട് നാം "ആമേൻ" എന്ന് പറയുമ്പോൾ (നെഹമ്യാവ് 5:13), "അതു ശരിയാണ്!" എന്നു സമ്മതിക്കയാണ്. പ്രാർത്ഥനയുടെ ആരംഭത്തിലോ അവസാനത്തിലോ "ആമേൻ" എന്ന വാക്ക് ഉപയോഗിക്കാം (വെളി. 7:12; 22:20,21), അല്ലെങ്കിൽ ഏതൊരു സമയത്തും ഒരു കാര്യം സത്യമാണെന്ന് ഉറപ്പിക്കുവാൻ ഉപയോഗിക്കാം. വളരെ ഘനമുള്ള പ്രസ്താവനകൾക്ക് മുൻപ് യേശു പലപ്പോഴും "സത്യമായും" എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (മത്താ. 5:18; യോഹ. 1:51); ആമേൻ എന്ന വാക്കിന്റെ തർജിമയാണ് "സത്യമായും" എന്നത്.

"വിശ്വസ്തനും സത്യവാനുമായ സാക്ഷി" എന്ന വാക്കിനോട് ചേർത്ത് "ആമേൻ" എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, യേശുവിന്റെ മുഴുവൻ വിശ്വാസയോഗ്യതയെയും എടുത്തുകാണിക്കുന്ന ശക്തമായ പ്രസ്താവനയാണത്.

"ദൈവസൃഷ്ടിയുടെ ആരംഭം" (വാ. 14) എന്നതിന് "സൃഷ്ടിച്ചവരിൽ ആദ്യൻ" എന്നർത്ഥമില്ല. മറിച്ച്, "എല്ലാം തുടങ്ങിയവൻ" എന്നാണ് അർത്ഥം. എൽ.എ.എസ്.ബി.യിൽ "ആരംഭം" എന്ന വാക്കിന് അരികിൽ ഒരു കുറിപ്പുണ്ട്: "അതായത്, ആരംഭം അല്ലെങ്കിൽ ഉറവിടം" യേശു ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് പൗലൊസ് കൊലൊസ്യർക്ക് ലേഖനം എഴുതുമ്പോൾ ഉപയോഗിച്ചത്:

അവൻ (അതായത്, യേശു) അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും, സർവ്വസൃഷ്ടിക്കും ആദ്യജാതനും ആകുന്നു. സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ വാഴ്ചകളാകട്ടെ, അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ അവൻ സകലത്തിനും ആധാരമായിരിക്കുന്നു (കൊലൊ. 1:15 -17).

"ദൈവത്തിനുവേണ്ടി ഒരു തലവാചകമായി പഴയനിയമത്തിൽ "ആമേൻ" എന്നുപയോഗിച്ചിട്ടുണ്ട് (യെശ. 65:16-ൽ "ആമേൻ" എന്നതു തർജിമ ചെയ്തിരിക്കുന്നത് "സത്യം" എന്നാണ്), എന്നാൽ അത് ഒരു സർവ്വനാമമായി ഉപയോഗിച്ചിട്ടില്ല. ഗ്രീക്കിൽ ആമേൻ എന്ന വാക്ക് "ആകുക" എന്ന ക്രിയയുടെ ഭാഗമാണ്. അതുകൊണ്ട് "ആമേൻ" ചിലപ്പോൾ "അങ്ങനെ ആകട്ടെ" എന്ന അർത്ഥം വരുന്നു. യേശുവിനെ "വിശ്വസ്ത സാക്ഷി" എന്ന് വിളിച്ചിട്ടുണ്ട്. അവിടെ, യേശു മരണത്തോളം വിശ്വസ്തനായിരുന്നു എന്നതിനാണ് ഊന്നൽ (അതായത്, രക്തസാക്ഷി ആകുക), ഇവിടെ വിശ്വാസയോഗ്യതയ്ക്കാണ് ഊന്നൽ. യേശു സൃഷ്ടിക്കപ്പെട്ടവനാണ് എന്നു തെളിയിക്കുവാൻ യഹോവാസാക്ഷികൾ ഈ വാക്യം ഉപയോഗിക്കാറുണ്ട്. ചിലർ വിചാരിക്കുന്നത്, യേശു ഇവിടെ തന്നെ പരിചയപ്പെടുത്തുന്നത് ആത്മീയ സൃഷ്ടിയുടെ ആരംഭകനാണ് എന്നത്രെ - അതായത് സഭ. സന്ദർഭം ഭൗതികസൃഷ്ടിത്വത്തെയാണ് അനുകൂലിക്കുന്നത്, ആത്മീയസൃഷ്ടിത്വവും അന്തർലീനമായിരിക്കാം. എൽ.എ.എസ്.ബി.യിലും കെ.ജെ.വിയിലും 'ബിഗ്നിങ്ങ്' എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് ആർച്ചേ എന്ന വാക്കാണ്, അതിനെ "റൂളർ" എന്നും "ചീഫ്" എന്നും തർജിമ ചെയ്യാവുന്നതാണ്. അതുകൊണ്ട്, "റൂളർ ഓഫ് ഗോഡ്സ് ക്രിയേഷൻ" എന്നു പറയുന്നതാവും ശരി. സകലവും അവനാൽ സൃഷ്ടിക്കപ്പെട്ടുവെങ്കിൽ, "സകലത്തിനും മുമ്പെ ഉണ്ടായിരുന്നവൻ ആണെങ്കിൽ അവിടുന്ന് ഒരിക്കലും സൃഷ്ടിക്കപ്പെട്ടവൻ ആകുകയില്ല." 1 യോഹന്നാൻ 1:1-3; എബ്രായർ 1:8,10 നോക്കുക.

**വെളിപ്പാടുപുസ്തകം: ആർക്കും മനസിലാകാത്ത പ്രയോഗങ്ങൾ. ഇതെന്തു ഭാഷയാണ്. എന്തിനാണ് ഇങ്ങനെയൊരു വെളിപ്പെടുത്തൽ ഭാഷ?**

***-ലിജു നൈനാൻ, എടയപ്ര, കങ്ങഴ, കോട്ടയം***

പ്രവചനങ്ങളെക്കുറിച്ചും ലേഖനങ്ങളെക്കുറിച്ചും ഒരുപക്ഷെ നിങ്ങൾ കേട്ടിട്ടുണ്ടാകാം. എന്നാൽ "വെളിപ്പെടുത്തൽ ഭാഷ" നിങ്ങൾക്ക് അറിയില്ലായിരിക്കാം. അതുകൊണ്ട് കുറച്ച് നിമിഷങ്ങൾ എടുത്ത് അതെന്താണെന്ന് നമുക്ക് ചർച്ച ചെയ്യാം. "വെളിപ്പാടിനെക്കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട വസ്തുതകളുണ്ട്" അതായിരിക്കാം പരമപ്രധാനമായിട്ടുള്ളത്.

"അപൊകാലിപ്റ്റിക്" എന്ന വാക്ക് നിങ്ങൾക്ക് സുപരിചിതമാകേണ്ടതുണ്ട്. (ആ വാക്ക് ഉച്ചരിക്കേണ്ടത് "അപോക്-ലിപ്-റ്റിക്" എന്നാണ്. നാലാമത്തെ സ്വരാക്ഷരമായ "ലിപ്" എന്നതിനാണ് ഊന്നൽ) ഇന്ന്, "അപോകാലിപ്സിസ്" ഉപയോഗിക്കുന്നത് നാശത്തിന്റേയും ശൂന്യമാക്കലിന്റേയും പര്യായമായാണ്, എന്നാൽ ഗ്രീക്ക് വാക്ക് അപോകാലുപ്സിസിന് ആ ലക്ഷ്യാർത്ഥമില്ല. അപോകാലുപ്സിസിന്റെ ലളിതമായ അർത്ഥം "അനാവരണം ചെയ്യുക" അല്ലെങ്കിൽ "വെളിപ്പെടുത്തൽ" എന്നാണ്.

മുൻകാലങ്ങളിൽ അറിയാത്തതും ഇപ്പോൾ വെളിപ്പെടുത്തിയതുമായ എന്തിനേയും അടിസ്ഥാനപരമായി സൂചിപ്പിക്കുന്നതാണ് അപോകാലുപ്സിസ് (ഗലാത്യർ 1:12; 2:2). ബി. സി. അവസാന രണ്ടു നൂറ്റാണ്ടുകളിലും എ.ഡി. ഒന്നാം നൂറ്റാണ്ടിലും ഉണ്ടായിരുന്ന സാഹിത്യത്തിൽ "അപോകാലിപ്റ്റിക്" സാങ്കേതിക അർത്ഥത്തിൽ ഉപയോഗിച്ചിരുന്നു. സന്ദേശം അപരിചിതവും മനോഹരവുമായ ചിഹ്നങ്ങൾ മുഖാന്തരം ബോധ്യപ്പെടുത്തുന്ന ഒരു സ്വഭാവമായിരുന്നു അതിനുണ്ടായിരുന്നത്. അപോകാലിപ്റ്റിക് സാഹിത്യത്തിൽ, ചിഹ്നങ്ങൾ സന്ദേശത്തെ വെറുതെ വിപുലമാക്കുകയല്ല; അവ തന്നെ ആണ് സന്ദേശം.

മിക്ക അടയാളങ്ങളും ലോകവുമായുള്ള ബന്ധത്തിൽ സാധാരണ ചിഹ്നങ്ങൾ ആയിരുന്നില്ല. മറിച്ച്, പലതും പേടിസ്വപ്നമായി മാത്രം കാണുന്ന വിചിത്രമായ രൂപങ്ങളാണ്. അപോകാലിപ്റ്റിക് സമീപനത്തെ ഇന്നത്തെ ആളുകൾ വികൃതമാക്കുന്നു. നമ്മുടെ മാസികകൾ അപോകാലിപ്റ്റിക് ഭാഷയിലല്ല ഇറങ്ങുന്നത്; നമ്മുടെ പുസ്തകങ്ങൾ അപോകാലിപ്റ്റിക് ഭാഷയിലല്ല എഴുതുന്നത്; നമ്മുടെ വർത്തമാനപത്രങ്ങളും അപോകാലിപ്റ്റിക് ഭാഷയിലല്ല ഇറക്കുന്നത്. അതുകൊണ്ട് ആകാശത്തിലെ നക്ഷത്രങ്ങളിൽ വാൽ മുട്ടുന്ന ഒരു മഹാസർപ്പം, ഒരാളുടെ വായിൽനിന്ന് വാൾ പുറപ്പെടുന്നു എന്നെല്ലാം കേൾക്കുമ്പോൾ നാം അന്ധാളിച്ചുപോകും!

എങ്ങനെയായാലും അപോകാലിപ്റ്റിക് ഭാഷ അന്യമോ അസാധാരണമോ ആയിരുന്നില്ല. പഴയനിയമത്തിൽ, അപോകാലിപ്റ്റിക് ഭാഷ ഭാഗികമായി യെഹെസ്കേലിന്റേയും ദാനിയേലിന്റേയും പുസ്തകത്തിലും, അങ്ങിങ്ങായി, യെശയ്യാവ്, യോവേൽ, സെഖര്യാവ് എന്നിവയിലും കാണാം. കൂടാതെ, പഴയനിയമകാലയളവിനും പുതിയനിയമകാലയളവിനും ഇടയ്ക്ക് - മലാഖിക്കും മത്തായിക്കുമിടയിലുള്ള നാനൂറ് വർഷം - ദൈവശ്വാസിയമല്ലാത്ത അപോകാലിപ്റ്റിക് എഴുത്തുകൾ ഉണ്ടായിട്ടുണ്ട്.

എന്നാൽ എന്തിന് ഈ ഭാഷ എന്നാണല്ലോ ചോദ്യം. തുറന്ന ഇംഗ്ലീഷ് ഭാഷയിലോ - അല്ലെങ്കിൽ ഗ്രീക്കിലോ, അല്ലെങ്കിൽ അവർ സംസാരിച്ച മറ്റേതെങ്കിലും ഭാഷയിൽ അവർക്ക് പറയുവാനുള്ളത് പറയാമായിരുന്നില്ലേ?" അപോകാലിപ്റ്റിക് ഭാഷാ സമീപനത്തിൽ ധാരാളം കാര്യങ്ങൾ അടങ്ങിയിരിക്കുന്നു. എഴുത്തുകാർ അസാധ്യമായതിന് ശ്രമിക്കുകയായിരുന്നു: മനുഷ്യരുടെ കാര്യത്തിൽ ദൈവത്തിന്റെ ഇടപെടലിനെ കുറിച്ചാണ് അവർ പറയുന്നത്. "അവർ തുടർച്ചയായി വിവരിക്കുവാനസാധ്യമായത് വിവരിക്കുവാനും, പറയുവാൻ പാടില്ലാത്തതു പറയുവാനും, ശ്രമിക്കുകയായിരുന്നു." മനോഹരമായ പ്രതിരൂപങ്ങളിലൂടെ അറിയിക്കാവുന്ന അപോകാലിപ്റ്റിക് ഭാഷ അതിനായി തിരഞ്ഞെടുക്കുകയായിരുന്നു.

ഇത്തരം എഴുത്തുകൾ രൂപപ്പെടുവാനുള്ള കാരണം ഒരുപക്ഷെ രാഷ്ട്രീയവും മതപരവുമായ കാലാവസ്ഥയായിരിക്കാം. അപോകാലിപ്റ്റിക് സാഹിത്യം രൂപപ്പെട്ടത് കുഴപ്പം പിടിച്ച സമയങ്ങളിലായിരുന്നു. ബാബേൽ പ്രവാസകാലത്തായിരുന്നു ദാനിയേൽ, യെഹെസ്കേൽ എന്നീ പുസ്തകങ്ങൾ എഴുതപ്പെട്ടത്. പഴയനിയമത്തിനും പുതിയനിയമത്തിനുമിടയ്ക്ക് സിറിയക്കാരുടെ ഞെരുക്കൾ അനുഭവപ്പെട്ടപ്പോഴായിരുന്നു വേദപ്രമാണരഹിതമായ നിരവധി എഴുത്തുകൾ അപോകാലിപ്റ്റിക് സാഹിത്യരൂപേണ രചിക്കപ്പെട്ടത്. വെളിപ്പാട് പുസ്തകത്തിന്റെ പശ്ചാത്തലം ക്രിസ്ത്യാനികളെ നീറോയുടേയും ഡൊമീഷ്യന്റേയും നേതൃത്വത്തിൽ ഉപദ്രവിച്ചുകൊണ്ടിരുന്നതാണ്. "പ്രയാസമുള്ള സമയങ്ങളിൽ ട്രാക്റ്റുകളായി" അപോകാലിപ്റ്റികിൽ എഴുതുവാനുള്ള ഉദ്ദേശം രണ്ടാണെന്ന് പലരും വിശ്വസിക്കുന്നു: 1) ചിഹ്നങ്ങൾ ആരംഭിച്ചവർക്ക് അതിന്റെ അർത്ഥം മനസിലാകുന്ന വിധത്തിൽ സന്ദേശം വെളിപ്പെടുത്തുകയും 2) അതു അറിയാത്തവർക്ക് മറഞ്ഞിരിക്കുകയും ചെയ്യുവാൻ.

വെളിപ്പാട് പുസ്തകത്തിന്റെ സന്ദേശം പരിഗണിക്കുക: ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ ഞെരുക്കിക്കൊണ്ടിരുന്ന, റോമാചക്രവർത്തി അവസാനം വീഴും എന്ന് അവർക്ക് ഉറപ്പുകൊടുത്തു. ആ സന്ദേശം റോമൻ ഉദ്യോഗസ്ഥർക്ക് മനസിലായാൽ എന്തായിരിക്കും സംഭവിക്കുക? ആദ്യംതന്നെ, പുസ്തകത്തിന്റെ പകർപ്പ് പത്മൊസിൽനിന്ന് പുറത്തുകടത്തുവാൻ യോഹന്നാനെ അനുവദിക്കുമായിരുന്നില്ല (1:11), കാരണം അന്നുമതെ (ഇന്നുമതെ) തടവുകാരുടെ എല്ലാ എഴുത്തുകുത്തുകളും പരിശോധിക്കുമായിരുന്നു. രണ്ടാമതായി, റോമൻ അധികാരികൾ ആ സന്ദേശം വിസ്തൃതമായി വിതരണം ചെയ്യുവാനും അനുവദിക്കുമായിരുന്നില്ല; അവർക്ക് കിട്ടാവുന്ന കോപ്പികളെല്ലാം അവർ കണ്ടുകെട്ടും. മൂന്നാമതായി, വിചാരണ നേരിടുന്ന ക്രിസ്ത്യാനികളെ രാജ്യദ്രോഹക്കുറ്റം ചുമത്തുന്നതിനുള്ള തെളിവായി അത്തരം രേഖ എടുക്കാവുന്നതാണ്. അത് അങ്ങനെ ആയിരുന്നതുകൊണ്ട്, വെളിപ്പാട് പുസ്തകത്തിന്റെ കയ്യെഴുത്ത് പ്രതികൾ റോമൻ ഉദ്യോഗസ്ഥരുടെ കയ്യിൽ കിട്ടിയാൽ, അവർ ഒന്ന് ഓടിച്ചുനോക്കിയിട്ട് വായിക്കുവാൻ പറ്റാതെ, "ഇതെന്തു ഭാഷ" എന്ന് പറഞ്ഞ് അതിനെ തള്ളിക്കളയുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും.

അപോകാലിപ്റ്റിക് സാഹിത്യത്തെ കുറിച്ച് ഇനിയും കൂടുതൽ പറയുവാൻ കഴിയും. ഇപ്പോൾ ഈ ചിന്ത നിങ്ങളുടെ മനസിൽ സൂക്ഷിക്കുക: അപോകാലിപ്റ്റിക് സാഹിത്യത്തിൽ, സന്ദേശം ചിഹ്നങ്ങളിലൂടെയാണ് ബോധ്യമാക്കുന്നത്. പ്രതികൂല സാഹചര്യങ്ങളിൽ സന്ദേശം രഹസ്യമായി സൂക്ഷിക്കാൻ ഈ ഭാഷ അനിവാര്യമായിരുന്നു.

This is The Word of God
I Believe It!

# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

2012
OCTOBER




## ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു

**മനുഷ്യൻ!** കോടി വർഷങ്ങൾക്കുമുമ്പ് ഏകാണു ജീവിയിൽനിന്നും പരിണാമം പ്രാപിച്ച ജീവി. പ്രകൃതിയുമായി പോരാടി ജയിച്ച മനുഷ്യൻ! സർവ്വതിനും മേൽ ആധിപത്യമുറപ്പിച്ച മനുഷ്യൻ....!

നരവംശ ശാസ്ത്രത്തിന്റെ നാഴികകല്ലുകളിൽ കൊത്തിവച്ച വീരകഥകൾ...! അവിടെ തന്റെ വിജയവും രേഖപ്പെടുത്തണം ശാസ്ത്രജ്ഞൻ ഉറച്ചു!

ശരാശരി മനുഷ്യായുസിൽ നിന്നും അവനെ ദീർഘ വർഷങ്ങളോളം ജീവിപ്പിക്കണം. മരണമില്ലാതെ....! അങ്ങനെ... ലോകം തനിക്കു മുന്നിൽ നമിക്കണം.

പുതിയ മരുന്നിന്റെ പരീക്ഷണശാലയിലെ തടിച്ച ഗ്രന്ഥത്തിൽ അയാളുടെ കണ്ണുകൾ വീണ്ടും വീണ്ടും പരതി... ആസ്ട്രേലോ പിഥേക്കസും പാരാന്ത്യപിഥേക്കസും കാലത്തിനോട് നടത്തിയ പോരാട്ടത്തിന്റെ പുതിയ ഭാവം അയാളിൽ പ്രകടമായി. ശാസ്ത്രജ്ഞൻ തന്റെ നരച്ച തലയിൽ വിരലോടിച്ച് ചിന്താവിവശനായി! നാല്പതു വർഷത്തെ തന്റെ ശ്രമം പരാജയപ്പെടുമോ? ആ ചിന്ത അയാളുടെ മനസിനെ മഥിച്ചു.

ഇല്ല! താൻ ജയിക്കും! ഥെയ്‌ലീസ്സും പിശ്ശോസും പെരിക്ലിസ്സും മെഹക്രിത്തസും തനിക്കു മുന്നിൽ ആരുമല്ലാതായി തീരും.

അയാളിൽ പ്രതീക്ഷയുടെ പുതുപ്രകാശം തെളിഞ്ഞു...

ഒരു നിമിഷം! താൻ ലോകത്തിന്റെ നായകനാകുന്നതും രാഷ്ട്രങ്ങൾ തന്നെ പുരസ്കാരങ്ങൾ കൊണ്ടു മൂടുന്നതും അയാൾ സ്വപ്നം കണ്ടു.

“വിശക്കുന്നു വല്ലതും തരണേ...’ – പുറത്ത് ആരുടേയോ ദീനസ്വരം.

അയാൾ ഞെട്ടി എഴുന്നേറ്റു. തന്റെ പരീക്ഷണത്തെ തടസപ്പെടുത്തിയ ശബ്ദത്തെ പഴിച്ചുകൊണ്ടയാൾ വാതിൽ മെല്ലെ തുറന്നു!

ഒട്ടിയ വയറും നിർജീവങ്ങളായ കണ്ണുകളുമുള്ള ഒരു സാധു മനുഷ്യന്റെ യാചന ശാസ്ത്രജ്ഞനെ അരിശം കൊള്ളിച്ചു. അയാൾ വാതിൽ ശക്തിയായി ചേർത്തടച്ചു.

വീണ്ടും അയാളുടെ കണ്ണുകൾ ഗ്രന്ഥത്തിലും ടെസ്റ്റ് ട്യൂബിലെ കൊഴുത്ത ദ്രാവകങ്ങളിലും പരതി. നിമിഷദലങ്ങൾ കൊഴിഞ്ഞു വീഴവേ ഉഗ്രസ്ഫോടന ശബ്ദം കേട്ട് ശാസ്ത്രജ്ഞൻ ഞെട്ടി. തലയ്ക്കുമുകളിൽ എന്തൊക്കെയോ തകർന്നു വീഴുന്നതുപോലെ.... കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നതുപോലെ... എന്താണ് സംഭവിക്കുന്നതെന്ന് മനസിലാകുന്നതിനുമുമ്പ് അയാൾ വെള്ളപ്പാച്ചിലിൽ പെട്ടുകഴിഞ്ഞിരുന്നു. മേഘസ്ഫോടനം, ചുഴലിക്കാറ്റ്, ഉരുൾ പൊട്ടൽ... കാര്യകാരണങ്ങളെക്കുറിച്ച് ചിന്തിക്കാനേ തോന്നിയില്ല. ഭയന്നു മരവിച്ച ശരീരത്തിൽ നിന്ന് “ദൈവമേ രക്ഷിക്കണേ” എന്ന നിസ്സഹായനായ മനുഷ്യന്റെ ദീനരോദനം മാത്രം ഉയർന്നുകേട്ടു. താനൊരു ശാസ്ത്രജ്ഞനാണെന്നും ലോകം കീഴടക്കിയവനാണെന്നുമുള്ള അഹങ്കാരം ഏതുമില്ലാതെ അയാൾ പൊട്ടിക്കരഞ്ഞു.







## കർത്താവും കപ്യാരും

ജോർജുകുട്ടി വിവാഹത്തിനു മുമ്പുള്ള നമസ്കാരം കേൾപ്പിക്കുന്നതിനായി വികാരിയച്ചന്റെ അടുത്തു ചെല്ലുന്നു. ഈ നമസ്കാരം ചൊല്ലിക്കേൾപ്പിക്കലിൽ വിജയിച്ചാലേ വികാരിയച്ചൻ വിവാഹത്തിനു അനുമതി നൽകുകയുള്ളു. ഈ കടമ്പയൊന്നു കടന്നുകിട്ടാൻ ജോർജുകുട്ടി പള്ളിയിലെ കപ്യാരെ വേണ്ടപോലെ കണ്ടു. കാര്യം നടത്തിത്തരാമെന്നു കപ്യാരും ഏറ്റു. കർത്താവ് കുരിശിൽത്തൂങ്ങിമരിച്ചത് ആർക്കുവേണ്ടിയാണ്? വികാരിയച്ചൻ ജോർജുകുട്ടിയോടു ചോദിച്ചു. ജോർജുകുട്ടി മേൽപ്പോട്ടും കീഴ്പ്പോട്ടും നോക്കി. കർത്താവ് കുരിശിൽത്തൂങ്ങിമരിച്ചു എന്നല്ലാതെ അതാർക്കുവേണ്ടിയാണെന്ന് ജോർജ്ജുകുട്ടിക്ക് അറിഞ്ഞുകൂടാ. ഇതൊരു ചതിയായിപ്പോയല്ലോ. വികാരിയച്ചനിങ്ങനെയൊരു ചെയ്ത്ത് ചെയ്യുമെന്ന് ജോർജ്ജുകുട്ടി വിചാരിച്ചില്ല. ജോർജ്ജുകുട്ടി ഉത്തരം പറയാതെ മിഴിച്ചു നിൽക്കുന്നതു കണ്ടപ്പോൾ വികാരിയച്ചന്റെ പിന്നിൽ നിന്നിരുന്ന കപ്യാർ നമുക്കുവേണ്ടിയെന്ന അർഥത്തിൽ നെഞ്ചത്തടിച്ചു കാണിച്ചു. പിന്നെ സംശയിച്ചില്ല, ജോർജ്ജുകുട്ടി ഉത്തരം പറഞ്ഞു: കപ്യാർക്കുവേണ്ടി.

## വിശ്വാസത്തെ വികലമാക്കുന്നവർ (പേജ് 2 തുടർച്ച)

സഭകളിൽ വചനത്തിന്റെ ശുശ്രൂഷയാണോ ചെയ്യുന്നത്? ആത്മീയനേതൃത്വം നൽകാൻ കഴിയാത്ത ഭരണാധികാരികൾക്കു സഭയിലെന്താണ് പ്രസക്തി? വിശ്വാസികളെ സഭയിൽ നിന്നകറ്റുന്ന സ്ഥാപനങ്ങൾ സഭയുടെ ദൗത്യത്തിനെന്തു പ്രയോജനം ചെയ്യുന്നു? ജനത്തെ തിരിഞ്ഞു നോക്കാത്തതു നിമിത്തം അവരെ തിരഞ്ഞുചെല്ലുന്ന കൂട്ടായ്മകൾ അവർക്കു സങ്കേതമായെങ്കിൽ കുറ്റം ആരുടേത്? പ്രതിസന്ധികളിലുഴലുന്ന മനുഷ്യൻ, ലഭിക്കേണ്ടിടത്തു ലഭിക്കാതെ വരുമ്പോൾ രോഗശാന്തിക്കും മനഃശാന്തിക്കും വേണ്ടി കിട്ടുമെന്ന് കരുതുന്നിടത്തേക്ക് മാറിപ്പോകുന്നതിന്, ജനത്തെയോ അലസനും പരാജിതനുമായ വേലക്കാരനെയോ ആരെ പഴിക്കണം? ചുരുക്കത്തിൽ സഭയുടെ ഭിന്നതകൾക്കും ആന്തരീക ജീർണതയ്ക്കും വിരുദ്ധോപദേശങ്ങളുടെ കടന്നുകയറ്റത്തിനും കാരണം തേടുമ്പോൾ അതിന്റെ വേരുകൾ സഭയ്ക്കുള്ളിൽ തന്നെ എന്നു കാണാം.

വിരുദ്ധ ഉപദേശങ്ങളെ വിലയിരുത്തുമ്പോൾ തന്നെ സഭയ്ക്കകത്തെ കള്ളനാണയങ്ങളെ കണ്ടില്ലെന്നു നടിച്ചുകൂടാ. സഭയുടെ വിശ്വാസദീപം ഊതിക്കെടുത്തുവാൻ ബാഹ്യശക്തികൾ കഴിഞ്ഞ ഇരുപതു നൂറ്റാണ്ടിലും ശ്രമങ്ങൾ നടത്തി പരാജയപ്പെട്ടു. അതു സഭയുടെ പ്രകാശം കൂടുതൽ ഉജ്ബലമാക്കാൻ സഹായിച്ചതേയുള്ളു. എന്നാൽ സഭയുടെ ആന്തരിക ജീർണതയും ഭിന്നതകളും വിരുദ്ധോപദേശങ്ങളും പല രാജ്യങ്ങളിൽ നിന്നും സഭയെ തുടച്ചു മാറ്റിയതിന് ചരിത്രത്തിൽ പാഠങ്ങൾ വേണ്ടുവോളമുണ്ട്. ചരിത്രത്തിന്റെ പാഠങ്ങൾ ഉൾക്കൊള്ളാൻ നാം ഇനിയും അമാന്തിച്ചു കൂടാ. നമ്മുടെ സമൂഹത്തിൽ സഭയുടെ വേരുകൾ ക്ഷയിച്ചു കൊണ്ടിരിക്കുന്നു. ഈ അന്ധകാരത്തിന്റെ കനത്ത ഭിത്തികളെ ഭേദിക്കാനായി വചനത്തിന്റെ മൂർച്ചയേറിയ ഉളിപ്രയോഗം നടത്താൻ നീക്കങ്ങളുണ്ടാകണം.

ദൈവമാണ് വിധികർത്താവ്. നമ്മുടെ അറിവ് പരിമിതിയുള്ളതാണ്. 1 തെസ്സ. 5:21, 22–ൽ പൗലോസ് നൽകിയ ആലോചന നമുക്ക് അനുസരിക്കാം. “സകലവും ശോധന ചെയ്യുവിൻ, നല്ലതു മാത്രം മുറുകെ പിടിപ്പിൻ, ചോദ്യം ചെയ്യപ്പെടാവുന്ന സകലവിധ ദോഷവും വിട്ടകലുവിൻ.”




എന്തുകേട്ടാലും വിശ്വസിക്കുന്ന, തട്ടിപ്പാണെങ്കിൽപോലും പ്രതികരിക്കാത്ത വിശ്വാസികളുടെ സംസ്കാരത്തെ എന്തു വിളിക്കാം.
*ജെസി ജോർജ്ജ്, മാമങ്കലം, പാലാരിവട്ടം.*

☹ **ശവസംസ്ക്കാരം**

☺ ആത്മീയ നേതാക്കന്മാർ എങ്ങനെയുള്ളവർ എന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ.
*എലിസബത്ത്, മണ്ണുത്തി, തൃശൂർ*

☹ **ബുദ്ധിമുട്ടാതെ ബുദ്ധികൊണ്ടു ജീവിക്കുന്നവർ**

☺ അത്ഭുതം... ആശ്ചര്യം നമ്മുടെ ആത്മീയം. നമുക്കു കിട്ടണം...
*സിനു പാപ്പച്ചൻ, അടുക്കം, തീക്കോയി, കോട്ടയം*

☹ **ആരോഗ്യം, സമ്പത്ത്, സ്ഥാനമാനങ്ങൾ**

☺ വിലകൂടിയ കാറിൽ വലിയ ദൈവദാസന്മാർ പ്രതാപത്തോടെ നടന്നടുക്കുന്നതു കാണുമ്പോൾ അസൂയ, കുശുമ്പ് എന്താണ് തോന്നുന്നത്.
*അക്സാ ചെറിയാൻ, ചാപ്രക്കടവ്, മടക്കാട്, കണ്ണൂർ*

☹ **നാണം**

☺ ദൈവം തന്റെ ദാസന്മാരെ അനുഗ്രഹിച്ചു അവർക്ക് പണം ഉണ്ടായി. അതിന്റെ പ്രതാപത്തിൽ അവർ ജീവിക്കുന്നു. അതിൽ അസൂയപ്പെടുന്നതെന്തിന്.
*എം.വി ജോൺ, പുത്തൻപാലം, ചിങ്ങവനം*

☹ **കർത്താവിനെയും ശിഷ്യന്മാരെയും ആരും അനുഗ്രഹിക്കാനില്ലാതെപോയി. കാശുണ്ടായിരുന്നെങ്കിൽ കൊട്ടാരത്തിൽ വസിച്ച്, കോട്ടിട്ട്, കൂളിംഗ് ഗ്ലാസും വച്ച് കൊറോള കാറിൽ അവർ കറങ്ങിയേനെ.**

☺ ആത്മീയം കരുപിടിപ്പിക്കാൻ ആദ്യം ചെയ്യേണ്ടത്.
*ഷേർളി സാമുവേൽ, കോണിപ്പാട്, മേലുകാവ്, മറ്റം*

☹ **കരുപ്പിടിപ്പിക്കേണ്ട ഭാഗം വൃത്തിയായി കഴുകുക.**

☺ വിശ്വാസികൾ ബലഹീനരായാൽ.
*ജാൻസി സജിത്ത്, പള്ളുരുത്തി, എറണാകുളം*

☹ **നേതൃത്വം അവരെ ‘തബല’ യാക്കും.**

☺ ജീവീതം കളിപ്പാട്ടമാണെന്ന് തോന്നുന്നതെപ്പോൾ.
*സന്തോഷ് കുമാർ, ഓലത്താനി, നെയ്യാറ്റിൻകര*

☹ **രോഗശാന്തിക്കാരൻ രോഗിയെ അമ്മാനമാടുമ്പോൾ**




Printed, Published and owned by Titus Kply, Punnoothara, Kerala 690 516. Layout: Logi : 9495507765, Printed at St. Paul’s Offset Mavelikara.
Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally